04
ശനി
ഫെബ്രുവരി 2023
1198 മകരം 21
Vo5 Issue No130

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 07
www.keralapranamam.com
infokeralapranamam@gmail.com


## സംസ്ഥാന ബജറ്റ് 2023




# ബഡ്ജറ്റിലേത് നികുതിക്കൊള്ള, യു ഡി എഫ് പ്രത്യക്ഷ സമരത്തിനിറങ്ങുമെന്ന് പ്രതിപക്ഷ നേതാവ്

**തിരുവനന്തപുരം:** സംസ്ഥാന ബഡ്ജറ്റിൽ ഒരു നിയന്ത്രണവുമില്ലാത്ത അശാസ്ത്രീയമായ നികുതി വർദ്ധനവാണ് ഉണ്ടായിരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.
സംസ്ഥാനത്തിന്റെ യഥാർത്ഥ ധനപ്രതിസന്ധി മറച്ചുവയ്ക്കുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.
'പെട്രോളിന്റെയും ഡീസലിന്റെയും വില കുതിച്ചുയരുന്നതിൽ കേന്ദ്രസർക്കാരിനെതിരെ വലിയ തോതിലുള്ള പ്രതിഷേധം നടക്കുന്ന കാലത്ത് പെട്രോളിനും ഡീസലിനും സെസ് കൂട്ടി പിരിക്കുകയാണ് സംസ്ഥാന സർക്കാർ. മദ്യത്തിന് വീണ്ടും വില വർദ്ധിക്കുകയാണ്. ഇതിന്റെ അനന്തര ഫലമെന്നത് കൂടുതലാളുകൾ മയക്കുമരുന്നിലേക്ക് പോകുന്ന അവസ്ഥയുണ്ടാവും. ഇതിനെക്കുറിച്ചൊന്നും ഒരു പഠനവും നടത്താതെയാണ് സംസ്ഥാന സർക്കാർ എല്ലാം ചെയ്തിരിക്കുന്നത്. വളരെ ആഘോഷമായിട്ടാണ് കണക്കുകൾ പറയുന്നത്. യഥാർത്ഥ കണക്കുകൾ എല്ലാം മറച്ചുവയ്ക്കുകയാണ്. വരുമാനം ഗണ്യമായി കുറയുകയാണ്. കേരളത്തിൽ കേവലം രണ്ട് ശതമാനത്തിന്റെ നികുതി വർദ്ധനവ് മാത്രമാണ് ഉണ്ടായിരിക്കുന്നത്. നികുതി പിരിവിൽ ദയനീയമായി പരാജയപ്പെട്ടു.നികുതി വർധനക്കെതിരെ യുഡിഎഫ് പ്രത്യക്ഷസമരത്തിന് ഇറങ്ങും'- സതീശൻ പറഞ്ഞു.
സാമൂഹിക സുരക്ഷാ പെൻഷൻ വർധിപ്പിക്കാതെയാണ് സെസ് ഏർപ്പെടുത്തുന്നത്. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. .
ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധിക നികുതി നിർദ്ദേശങ്ങളെ രൂക്ഷമായി വിമർശിച്ച് രമേശ് ചെന്നിത്തലയും രംഗത്തെത്തി. . 'ഇന്ധനവിലയിലെ വർദ്ധന വിലക്കയറ്റത്തിന് വഴിവയ്ക്കും.ജനങ്ങളുടെ നടു ഒടിക്കുന്ന ബഡ്ജറ്റാണിത്.എല്ലാത്തിനും അധിക നികുതി ചുമത്തിയിരിക്കുന്നു.നരേന്ദ്ര മോദി ചെയ്യുന്ന അതെ കാര്യം പിണറായി സർക്കാർ ചെയ്യുന്നു .ജനങ്ങളുടെ മുകളിൽ അധിക ഭാരം ചുമത്തുന്നു..ഇതാണോ ഇടത് ബദൽ?'- അദ്ദേഹം കുറ്റപ്പെടുത്തി.



ഇന്ന് ധനമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ വൻ നികുതി വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. പെട്രോൾ ഡീസൽ വിലയിൽ ലിറ്ററിന് രണ്ട് രൂപയുടെ തീരുവ വർദ്ധിപ്പിച്ചതാണ് ജനങ്ങൾക്ക് ഇരുട്ടടിയായത്. ഇതോടെ സംസ്ഥാനത്ത് ഇന്ധനവിലയിൽ വൻ വർദ്ധനവിനാവും കളമൊരുങ്ങുന്നത്. അതിലൂടെ വൻ വിലക്കയറ്റത്തിനും. വൈദ്യുതി തീരുവയിലും വർദ്ധന വരുത്തിയിട്ടുണ്ട്. വാണിജ്യ വ്യവസായ യൂണിറ്റുകൾക്ക് 5 ശതമാനമാണ് വൈദ്യുതി തീരുവ വർദ്ധിച്ചത്. മദ്യത്തിനും പുതിയ സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തി.
999 രൂപ വരെ വിലയുള്ള മദ്യത്തിന് 20 രൂപയും 1000 രൂപയ്ക്കു മുകളിലുള്ള മദ്യത്തിന് 40 രൂപയും വർദ്ധിക്കും. സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക വിഭവ സമാഹരണം നടത്താനാണിത്. ഈ തുക ദുർബല വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഉപയോഗിക്കും. 500 രൂപ മുതൽ 999 രൂപ വരെ വിലവരുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ഇരുപത് രൂപയാണ് വർദ്ധിക്കുക.

ഭൂമിയുടെ വില വർധിക്കും. ഭൂമിയുടെ ന്യായവില 20 ശതമാനം വർധിപ്പിച്ചു
കോർട്ട് ഫീ സ്റ്റാംപ് നിരക്ക് കൂട്ടി
പെട്രോളിനും ഡീസലിനും രണ്ട് രൂപ സെസ്
മദ്യത്തിന് അധിക സെസ്സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തി
ഫ്ളാറ്റുകളുടെ മുദ്രവില കൂട്ടി
കാർ നികുതി കൂട്ടി. 5 ലക്ഷം വരെ 1% നികുതി. 5മുതൽ 15 ലക്ഷം വരെ 2% നികുതി. 15 ലക്ഷത്തിനു മേൽ 1%
ഭൂമിയുടെ ന്യായവില 20 ശതമാനം കൂട്ടി
വൈദ്യുതി വാഹനങ്ങളുടെ ഒറ്റ തവണ നികുതി 5% ആയി കുറച്ചു
വാഹന നികുതി കൂട്ടി.2 ലക്ഷം രൂപ വരെയുള്ള മോട്ടോർസൈക്കിളുകൾക്ക് 2% അധികനികുതി
ഒരുവ്യക്തിയുടെ ഉടമസ്ഥയിലുള്ള ഒന്നിലധികം വീടുകൾക്കും പുതുതായി നിർമിച്ചതും ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്നതുമായ വീടുകൾക്കും പ്രത്യേകമായി നികുതി ചുമത്തുന്ന രീതി നടപ്പാക്കും
വൈദ്യുതി തീരുവ 5% കൂട്ടി, ഇതുവഴി 200 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു
മയക്കുമരുന്ന് പ്രതിരോധത്തിനായി 15 കോടി
കെട്ടിട നികുതി കൂട്ടാൻ തീരുമാനം
ഹൈക്കോടതിയെ കടലാസ് രഹിതമാക്കാൻ 3.5 കോടി
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ പ്രവർത്തനത്തിന് 1 കോടി
അംഗൻവാടി ജീവനക്കാർക്ക് അങ്കണം ഇൻഷുറൻസ് പദ്ധതി
നവ കേരള കർമ പദ്ധതിക്ക് 10 കോടി
റീബിൽഡ് കേരളയ്ക്ക് 904.8 കോടി
പകർച്ച വ്യാധി പ്രതിരോധത്തിന് 11 കോടി
സാമൂഹ്യക്ഷേമ പെൻഷനിൽ വർധനവില്ല. നിലവിലെ തുക തുടരും
വയോജനങ്ങൾക്ക് ഡേ കെയറുകൾ
ട്രാൻസ്ജെൻഡർ ക്ഷേമത്തിന് 5.02 കോടി
സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കാൻ 9 കോടി
പോലീസിൽ ആധുനികവത്കരണത്തിന് 152 കോടി
ജെൻഡർ പാർക്കുകൾക്ക് പത്ത് കോടി
നിർഭയ പദ്ധതിക്ക് 10 കോടി
മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് 38 കോടി
നോർക്ക തൊഴിൽ പദ്ധതിക്ക് 5 കോടി, നോർക്ക ശുഭയാത്രാ പദ്ധതിക്ക് 2 കോടി
പോസ്റ്റ് കോവിഡ് ചികിത്സയ്ക്ക് 5 കോടി
മടങ്ങിവരുന്ന പ്രവാസികളുടെ ക്ഷേമത്തിനായി 50 കോടി,
പ്രവാസി പുനരധിവാസത്തിന് 25 കോടി
തോട്ടം തൊഴിലാളി ലയങ്ങളുടെ വികസനത്തിന് 10 കോടി
മെൻസ്ട്രൽ കപ്പ് ഉപയോഗ ബോധവത്ക്കരണം പദ്ധതിക്ക് 10 കോടി
കുട്ടികളിലെ പ്രമേഹരോഗ പ്രതിരോധത്തിനുള്ള മിഠായി പദ്ധതി. ഇതിനായി 3.8 കോടി രൂപ വകയിരുത്തി.
ആശ്വാസ കേരളം പദ്ധതിക്ക് 54 കോടി
സ്പോർട്സ് കൗൺസിലിന് 35 കോടി
ഭക്ഷ്യസുരക്ഷയ്ക്ക് 7 കോടി
പട്ടികജാതി കുടുംബങ്ങളുടെ വീട് നിർമാണത്തിന് 180 കോടി
പ്രീമെട്രിക് ഹോസ്റ്റലുകൾക്കായി 25 കോടിയുടെ പുതിയ പദ്ധതി
തിരുവനന്തപുരം, കോഴിക്കോട് നഗര ജല വിതരണ പദ്ധതിക്ക് 100 കോടി
മൃഗശാല നവീകരണത്തിന് 8 കോടി രൂപ
ഹെൽത്ത് ഹബ്ബായി കേരളത്തെ മാറ്റും, ഇതിനായി 30 കോടി രൂപ
പേ വിഷത്തിനെതിരെ കേരള വാക്സിൻ. ഇതിനായി 5 കോടി രൂപ
കെഎസ്ആർടിസിക്ക് ബജറ്റിൽ 131 കോടി
സർക്കാർ തിയേറ്ററുകൾ നവീകരിക്കാൻ 17 കോടി
മെഡിക്കൽ കോളേജ് വികസനത്തിന് 237.27 കോടി.
ആയുർവേദ കോളേജുകൾക്ക് 20.15 കോടി
ആരോഗ്യ മേഖലയ്ക്ക് 2828 കോടി രൂപ
പകർച്ചവ്യാധി നിയന്ത്രണത്തിന് 11 കോടി
കാരുണ്യ പദ്ധതിക്കായി 574.5 കോടി
ലോകത്തിന്റെ ആരോഗ്യ ഹബ്ബായി കേരളത്തെ മാറ്റും. ഇതിനായി 30 കോടി രൂപ
കൊല്ലം പീരങ്കി മൈതാനത്ത് കല്ലുമാല സ്ക്വയർ സ്ഥാപിക്കും
തലശ്ശേരി ജനറൽ ആസ്പത്രി മാറ്റിസ്ഥാപിക്കാൻ 10 കോടി
SC, ST സഹകരണ സംഘങ്ങൾക്ക് 8 കോടി
പിണറായിയിൽ പോളി ടെക്നിക് കോളേജ്
ബിനാലെയ്ക്ക് 2 കോടി രൂപ
എകെജി മ്യൂസിയത്തിന് 6 കോടി രൂപ.കാപ്പാട് മ്യൂസിയം 10 കോടി. കൊല്ലം തങ്കശേരി മ്യൂസിയം 10 കോടി
സ്കൂൾ കുട്ടികളുടെ യൂണിഫോമിന് 140 കോടി. ഉച്ചഭക്ഷണത്തിന് 344 കോടി

നൈപുണ്യ വികസനത്തിന് 35 കോടി
ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് 816 കോടി
ആർസിസിക്ക് 81 കോടി. മലബാർ കാൻസർ സെന്ററിന് 28 കോടി. കൊച്ചി കാൻസർ സെന്ററിന് 14 കോടി.
ഫിഷറീസ് സർവകലാശാലകൾക്ക് 2 കോടി
വിദ്യാഭ്യാസ മേഖലയ്ക്ക് 1773 കോടി
കെ-ഡിസ്കിന് 100 കോടി
കൊല്ലം തങ്കശേരിയിൽ മ്യൂസിയത്തിന് 10 കോടി
റെയിൽവേ സുരക്ഷയ്ക്ക് 12.1 കോടി രൂപ
ശബരിമല വിമാനത്താവള പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് 2 കോടി
ദേശീയപാതാ വികസനത്തിന് 1144.2 കോടി
കാപ്പാട് മ്യൂസിയത്തിന് 10 കോടി
ചേന്ദമംഗലം കൈത്തറി ഗ്രാമത്തിന് 10 കോടി
ഊർജ മേഖലയ്ക്ക് 1158 കോടി വകയിരുത്തി
ഐടി മേഖലയ്ക്ക് 559 കോടി
സ്റ്റാർട്ട്അപ്പ് മിഷന് 90.52 കോടി
ഗ്രാമവികസനത്തിന് 6294.04 കോടി
സംസ്ഥാന പാതകൾ വികസിപ്പിക്കാൻ 75 കോടി രൂപ
ഡിജിറ്റൽ സർവകലാശാലയ്ക്ക് 46 കോടി
പെട്രോ-കെമിക്കൽ വ്യവസായത്തിന് 44 കോടി
കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയ്ക്ക് 200 കോടി
കെ-ഫോൺ പദ്ധതിക്ക് 100 കോടി രൂപ.70000 കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ
കിൻഫ്രയ്ക്ക് 333 കോടി
എല്ലാ ജില്ലകളിലും ഇലക്ട്രിക് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കാൻ 7.98 കോടി
നിക്ഷേപ സൗഹൃദ പ്രവർത്തനങ്ങൾക്ക് 770.21 കോടി
സ്വകാര്യ വ്യവസായ പാർക്കുകൾക്ക് 10 കോടി
മുള വ്യവസായത്തിന് 1.2 കോടി
സ്വയംതൊഴിൽ സംരംഭങ്ങൾക്ക് 60 കോടി
കശുവണ്ടി വ്യവസായത്തിന് 58 കോടി
കയർ വ്യവസായത്തിന് 117 കോടി
കശുവണ്ടി മേഖലയ്ക്ക് 58 കോടി
ചെറുകിട വ്യവസായ വികസനത്തിന് 212 കോടി
സഹകരണ മേഖല വികസന പദ്ധതിക്ക് 28.10 കോടി
ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകൾ നിർമിക്കാൻ 7.98 കോടി
ഇക്കോ ടൂറിസത്തിന് ഏഴ് കോടി
സോളാർ പദ്ധതിക്ക് പത്ത് കോടി
കാരാപ്പുഴ പദ്ധതിക്കുള്ള തുക 20 കോടിയായി വർധിപ്പിച്ചു
തദ്ദേശ പദ്ധതി വിഹിതം കൂട്ടി, 8828 കോടി
ശുചിത്വ മിഷന് 25 കോടി
ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും 54.45 കോടി
ഗ്രാമവികസനത്തിന് 6294.04 കോടി
കടുവ സങ്കേതങ്ങൾക്ക് 6.7 കോടി
കൊല്ലം, കാസർകോട് ജില്ലകളിൽ പെറ്റ് ഫുഡ് കമ്പനിക്കായി 20 കോടി
ലൈഫ്മിഷൻ പദ്ധതിക്ക് 1436 കോടി രൂപ
അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് 150 കോടി
ഇടുക്കി, വയനാട്, കാസർകോട് പാക്കേജുകൾക്കായി 75 കോടി
കുടുംബശ്രീയ്ക്ക് 260 കോടി രൂപ
എരുമേലി മാസ്റ്റർ പ്ലാനിന് അധികമായി പത്ത് കോടി
ശബരിമല മാസ്റ്റർ പ്ലാനിന് 30 കോടി
പുത്തൂർ സുവേളജിക്കൽ പാർക്കിന് ആറുകോടി
പുനർഗേഹം പദ്ധതിക്ക് 20 കോടി രൂപ
കടലിൽ നിന്ന് പ്ലാസ്റ്റിക് നീക്കം ചെയ്യാൻ 5.5 കോടി രൂപ
വിള ഇൻഷുറൻസിന് 30 കോടി
ഡയറി പാർക്കിനായി ആദ്യഘട്ടത്തിൽ 2 കോടി
ക്ഷീര ഗ്രാമം പദ്ധതിക്ക് 2.4 കോടി
ഫിഷറീസ് മേഖലയ്ക്ക് 321.31 കോടി
നേത്രാരോഗ്യത്തിന് നേർക്കാഴ്ച പദ്ധതിക്ക് 50 കോടി
നഗരവികസന പദ്ധതിക്ക് കിഫ്ബി വഴി 100 കോടി
കുട്ടനാട്ടിലെ കർഷകർക്കായി 17 കോടി
നേത്രാരോഗ്യത്തിന് നേർക്കാഴ്ച പദ്ധതി
നാളികേരത്തിന്റെ താങ്ങുവില 34 രൂപയായി ഉയർത്തി
കളക്ടറേറ്റുകളുടെ വികസനത്തിന് 70 കോടി
നെൽകൃഷി വികസനത്തിന് 91.75 കോടി
നഗരവികസനത്തിന് 300 കോടി

വന്യമൃഗങ്ങൾ ഉയർത്തുന്ന ഭീഷണി തടയാൻ 50.85 കോടി രൂപ
അതിദാരിദ്ര്യ നിർമാർജനത്തിന് 50 കോടി
പ്രവാസികൾക്കുള്ള വിമാനടിക്കറ്റ് നിരക്ക് നിയന്ത്രിക്കാൻ 15 കോടിയുടെ ഫ
ടൂറിസം ഇടനാഴിക്ക് 50 കോടി
ദേശീയപാത വികസനം 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കും
നഴ്സിങ് കേളേജ് തുടങ്ങാൻ 20 കോടി
അന്താരാഷ്ട്ര സ്കോളർഷിപ്പിന് 10 കോടി
2040ൽ കേരളം സമ്പൂർണ്ണ പുനരുപയോഗ ഊർജ സംസ്ഥാനം
വർക്ക് നിയർ ഹോം സൗകര്യത്തിനായി 50 കോടി
രാജ്യാന്തര വ്യാപാര മേള ആരംഭിക്കും. സ്ഥിരം വേദി തിരുവനന്തപുരം. 15 കോടി രൂപ അനുവദിച്ചു
ദുബായ് പോലെ വിഴിഞ്ഞം മേഖലയും വാണിജ്യ നഗരമാക്കുമെന്ന് ധനമന്ത്രി
ഗ്രീൻ ഹൈഡ്രജൻ ഹബ്ബിന് 20 കോടി
വെസ്റ്റ് കോസ്റ്റ് കനാൽ സാമ്പത്തിക ഇടനാഴിക്ക് കിഫ്ബി വഴി 300 കോടി
വിഴിഞ്ഞം വ്യവസായ ഇടനാഴിക്ക് കിഫ്ബി വഴി 1000 കോടി
ഡിജിറ്റൽ സയൻസ് പാർക്ക് 2023 മേയിൽ പ്രവർത്തനം തുടങ്ങും
മൈക്രോബയോ കേന്ദ്രത്തിന് 10 കോടി
യുവതലമുറയെ കേരളത്തിൽ നിലനിർത്താൻ നടപടികൾ
മെയ്ക്ക് ഇൻ കേരള പദ്ധതി വികസിപ്പിക്കും.ഈ വർഷം 100 കോടി
ഇന്ത്യ ഇന്നവേഷൻ സെന്ററിന് 10 കോടി
കണ്ണൂർ ഐടി പാർക്ക് ഈ വർഷം പ്രവർത്തനം തുടങ്ങും
വിഭവം കാര്യക്ഷമമായി ഉപയോഗിക്കും
നികുതി നികുതിയേതര വരുമാനം കൂട്ടും
കേന്ദ്രം ധനകാര്യ ഇടം വെട്ടിച്ചുരുക്കുന്നത് സംസ്ഥാനങ്ങളുടെ
സഹകരണത്തോടെ ചെറുക്കും
പ്രതിസന്ധി നേരിടാൻ മൂന്നിന പരിപാടി
ക്ഷേമ വികസന പ്രൊജക്ടുകൾക്കായി 100 കോടി
കെഎസ്ആർടിസിക്ക് 3400 കോടി നൽകിയെന്ന് ധനമന്ത്രി
നടപ്പ് സാമ്പത്തിക വർഷം വരുമാനവർധന 85,000 കോടിയായി ഉയരും
കേരളം കടക്കെണിയിൽ അല്ല.
കൂടുതൽ വായ്പയെടുക്കാനുള്ള
ശേഷിയുണ്ടെന്ന് ധനമന്ത്രി
ശമ്പളം-പെൻഷൻ എന്നിവയ്ക്ക് 71,393 കോടി നീക്കിവെച്ചു
കേന്ദ്രനയങ്ങൾക്ക് വിമർശനം
കോവിഡ്, ഓഖി തുടങ്ങിയ വെല്ലുവിളികളെ അതിജീവിച്ചു
റബ്ബർ കർഷകരെ സഹായിക്കാൻ 600 കോടി ബജറ്റ് സബ്സിഡി
വിലക്കയറ്റ ഭീഷണി നേരിടാൻ 2000 കോടി
വ്യാവസായിക അനുബന്ധ മേഖലയിൽ 17.3% വളർച്ച
കാർഷിക അനുബന്ധ മേഖലയിൽ 6.7% വളർച്ച

***സംസ്ഥാനം വളർച്ചയുടെ പാതയിൽ തിരിച്ചെത്തിയെന്ന് ധനമന്ത്രി***

***സംസ്ഥാനത്തും പേപ്പർ രഹിത ബജറ്റ്***

## ആശാൻ

ബജറ്റ് : ജനക്ഷേമം മുഖ്യം എന്ന് ധനമന്ത്രി



ക്ഷേമം...
നികുതിയാകും

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## സർവ്വത്ര വിലക്കയറ്റം; നടുവൊടിക്കും

: സമസ്ത മേഖലയിലും വിലക്കയറ്റത്തിനുള്ള സൂചനയുമായി സംസ്ഥാന ബജറ്റ്. വസ്തു ക്രമവിക്രയം, കെട്ടിട നിർമ്മാണം, നിത്യോപയോഗ സാധനങ്ങൾ, മദ്യം, വാഹനം അടക്കം നിത്യേന ജീവിതത്തിന്റെ ഭാഗമായ എല്ലാത്തിനും വിലവർധനവാണ് ബജറ്റിലെ പ്രഖ്യാപനങ്ങൾ.

ഭൂമിയുടെ ന്യായവില 20% മുതൽ 30% വരെ വർധിക്കും. ഇതുവഴി ഭൂമിയുടെ രജിസ്‌ട്രേഷന് കൂടുതൽ പണം മുടക്കേണ്ടി വരും. മൈനിംഗ് ജിയോളജി മേഖലയിൽ റോയൽറ്റി പിഴ പുതുക്കലും കെട്ടിട നിർമ്മാണത്തിനുള്ള പാറ, പാറപ്പൊടി അടക്കമുള്ളവയുടെ വില കൂട്ടും. കെട്ടിട നിർമ്മാണ അപേക്ഷ ഫീസ്, കെട്ടിട പെർമിറ്റ് ഫീസ്, പുതിയ കെട്ടിടങ്ങളുടെ ഫീസ്, ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക ഫീസ്, ഒന്നിലധികം വീടുള്ളവർക്കും പ്രത്യേക നികുതി, പുതിയ ഫ്ളാറ്റ് കൈമാറുന്നതിലെ നികുതി വർധനവ് എന്നിവ അമിത ഭാരമാകും. സർക്കാർ ഭൂമിയുടെ പാട്ടവാടക ന്യായവില അടിസ്ഥാനമാക്കിയാകും.

സാമൂഹിക ക്ഷേമ പെൻഷൻ നൽകാൻ പെട്രോൾ, ഡീസൽ ലിറ്റർ വിലയിൽ രണ്ട് രൂപ സെസ് വർധിപ്പിച്ചതാണ് മറ്റൊരു ഇരുട്ടടി. ഇത് പെട്രോൾ, ഡീസൽ വില വർധിപ്പിക്കുമെന്ന് മാത്രമല്ല, യാത്രാനിരക്ക്, ചരക്ക് നീക്കം എന്നിവയ്ക്കും ചെലവേറും അരി, പഴം, പച്ചക്കറി, ഇറച്ചി അടക്കം എല്ലാത്തിനും അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിന് വിലക്കയറ്റമാണ് ഈ നിർദേശം നൽകുന്നത്.

മദ്യത്തിന്റെ സെസ് വർധനവാണ് മറ്റൊരു ഭാരം. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് അടുത്ത കാലത്ത് 10 രൂപ ലിറ്ററിൽ വർധിച്ചതിനു പിന്നാലെയാണ് ഏപ്രിൽ ഒന്ന് മുതൽ പുതിയ വില വർധനവ് വരാൻ പോകുന്നത്. 999 രൂപ വരെ വിലയുള്ള മദ്യം ലിറ്ററിന് 20 രൂപയും 1000 രൂപ മുതൽ വിലയുള്ളതിന് 40 രൂപയുമാണ് വർധിക്കുക. വിലകുറഞ്ഞ ജനപ്രീയ ബ്രാൻഡുകളുടെ ലഭ്യത കുറവ് മൂലം കൂടിയ വില കൊടുത്ത് മറ്റു ബ്രാൻഡുകൾ തേടുന്നതിനു പകരം ലഹരിക്ക് മറ്റു വഴികൾ തെരഞ്ഞെടുക്കുന്നതിലേക്ക് യുവാക്കൾ മാറുമോ എന്ന ആശങ്കയും ഉയരുന്നു.

വാഹന വില വർധനവാണ് മറ്റൊരു ഭാരം. പുതുതായി വാങ്ങുന്ന 2 ലക്ഷം രൂപ വരെ വിലയുള്ള ഇരുചക്ര വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയിൽ 2% വർധനവാണ് വരുത്തിയിരിക്കുന്നത്. മോട്ടോർ കാറുകളുടെ നികുതിയിലും വർധനവ്.

പുതിയ വാഹനങ്ങളുടെ ഒറ്റത്തവണ സെസ് ഇരട്ടിയാക്കി. ഫാൻസി, പെർമിറ്റ് ഫീസ് വർധിപ്പിച്ചു. </ു>

വൈദ്യുതി തീരുവയും വർധിപ്പിച്ചു. വ്യവസായ യൂണിറ്റുകൾക്ക് 5% വർധന. കോടതി ഫീസ് തുക വർധന. നഷ്ടപരിഹാര കേസുകളിൽ തുകയുടെ ഒരു ശതമാനം അധിക വർധനയും കോടതി ഫീസുകളിൽ ഒരു ശതമാനം അധിക വർധനവും കൊണ്ടുവരും.

ഇലക്ട്രിക് വാഹനങ്ങളുടെ വില കുറയുമെന്നതും കോൺട്രാക് കാരിയർ ഉടമകൾക്ക് കോവിഡ് കാലത്ത് നേരിട്ട പ്രതിസന്ധി മറികടക്കാൻ നികുതി 10% ആയി കുറയ്ക്കുമെന്നതുമാണ് ആശ്വാസകരമായ പ്രഖ്യാപനങ്ങൾ. </ു>

അതേസമയം, സാമൂഹിക സുരക്ഷാ പെൻഷനുകളിൽ നേരിയ വർധനവിനു പോലും ധനമന്ത്രി തയ്യാറായിട്ടില്ല. വിപണിയിലേക്ക് ഉടൻ പണമെത്തുന്ന ഇത്തരം പെൻഷനുകൾക്ക് ഫണ്ട് കണ്ടെത്താൻ പുതിയ നികുതികൾ കൊണ്ടുവന്നുവെങ്കിലും അതിന്റെ പ്രയോജനം പെൻഷൻകാർക്ക് ലഭിക്കുന്നില്ല.

സാമൂഹ്യ ക്ഷേമ പെൻഷൻ അനർഹരെ ഒഴിവാക്കുമെന്ന് ധനമന്ത്രി വ്യക്തമാക്കി. 62 ലക്ഷം പേർക്ക് ക്ഷേമ പെൻഷൻ നൽകുമെന്നും അദ്ദേഹം അറിയിച്ചു. </ു>

മുൻകാലങ്ങളിലെ പദ്ധതികളുടെ ആവർത്തനവും വിഹിതം വർധിപ്പിക്കലും മാത്രമാണ് ഇത്തവണ കാണുന്നത്. അങ്കണവാടി ജീവനക്കാരുടെ ഇൻഷുറൻസ് പരിരക്ഷയും പേവിഷ ബാധയ്ക്കെതിരായ തദ്ദേശീയ വാക്സിൻ നിർമ്മാണവും മാത്രമാണ് എടുത്തുപറയാവുന്ന പുതിയ പ്രഖ്യാപനങ്ങൾ . ഈ ബജറ്റ് തുടർന്നുള്ള ദിവസങ്ങളിൽ പ്രതിപക്ഷത്തിനും ബിജെപിയ്ക്കും എടുത്ത് പറയാനും , തെരഞ്ഞെടുപ്പിനെതിരെ പ്രയോഗിക്കാനും ആവും എന്നത് ഉറപ്പാണ്

## ഉദ്ഘാടനത്തിന് ദിവസങ്ങൾ മാത്രം, തെലങ്കാനയിലെ പുതിയ സെക്രട്ടേറിയറ്റിൽ തീപിടിത്തം

തെലങ്കാന സർക്കാരിന്റെ പുതിയ സെക്രട്ടേറിയറ്റ് സമുച്ചയത്തിൽ തീപിടിത്തം. ഫെബ്രുവരി 17ന് മുഖ്യമന്ത്രി കെ ചന്ദ്രശേഖർ റാവു ഉദ്ഘാടനം ചെയ്യാനിരിക്കെയാണ് അപകടം. താഴത്തെ നിലയിൽ ആരംഭിച്ച തീ ഒന്നും രണ്ടും നിലകളിലേക്ക് പടരുകയായിരുന്നു.

വെള്ളിയാഴ്ച പുലർച്ചെ രണ്ടരയോടെയാണ് സംഭവം. ഫയർഫോഴ്സ് സ്ഥലത്തെത്തി രണ്ട് മണിക്കൂർ നീണ്ട പരിശ്രമത്തിനൊടുവിലാണ് തീ നിയന്ത്രണ വിധേയമാക്കിയത്. തീ അണയ്ക്കാൻ 11 ഫയർ എഞ്ചിനുകൾ വേണ്ടി വന്നു. തീപിടിത്തത്തിന്റെ യഥാർത്ഥ കാരണം ഇതുവരെ കണ്ടെത്താനായിട്ടില്ല. ഷോർട്ട് സർക്യൂട്ട് മൂലമാണ് തീപിടിത്തമുണ്ടായതെന്നാണ് പ്രാഥമിക നിഗമനം.

എയർ കണ്ടീഷനിംഗ് വയറിംഗ് ഡക്റ്റിൽ നിന്ന് ആരംഭിച്ച തീ താഴത്തെ നിലയിൽ കിടന്നിരുന്ന സ്ക്രാപ്പ് മെറ്റീരിയലിലേക്ക് പടർന്നതായി കരുതുന്നു. സംസ്ഥാന അഗ്നിശമന വകുപ്പ് ഡയറക്ടർ ജനറൽ നാഗി റെഡ്ഡിയാണ് അഗ്നിശമന പ്രവർത്തനങ്ങൾക്ക് നേരിട്ട് മേൽനോട്ടം വഹിച്ചത്. തീപിടിത്തത്തിൽ ഉണ്ടായ നാശനഷ്ടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഇതുവരെ പുറത്തുവന്നിട്ടില്ല. 650 കോടിയോളം രൂപ ചെലവിൽ നിർമിച്ച പുതിയ സെക്രട്ടേറിയറ്റ് കെട്ടിടം നേരത്തെ തെലങ്കാന-ആന്ധ്രപ്രദേശ് ജോയിന്റ് സെക്രട്ടേറിയറ്റ് പ്രവർത്തിച്ചിരുന്ന അതേ ഭൂമിയിലാണ്.



## ആഴ്ചയിൽ പത്തെണ്ണം വീതം ഒരു വർഷത്തേക്ക്, വാലന്റൈൻ അടിച്ച്പൊളിക്കാൻ 95 ദശലക്ഷം സൗജന്യ കോണ്ടം വാരിവിതറി ഈ ഏഷ്യൻ രാജ്യം

ബാങ്കോക്ക് : സുരക്ഷിതമല്ലാത്ത ലൈംഗികബന്ധത്തിലൂടെ പകരുന്ന രോഗങ്ങളെ ചെറുക്കുന്നതിനായി 95 ദശലക്ഷം കോണ്ടം സൗജന്യമായി യുവതീയുവാക്കൾക്ക് നൽകാൻ തീരുമാനിച്ച് തായ്‌ലന്റ്.

വാലന്റൈൻസ് ദിനത്തിന് മുന്നോടിയായിട്ടാണ് ഈ തീരുമാനം. കൗമാര ഗർഭധാരണം തടയുക എന്ന ഉദ്ദേശവും ഇതിന് പിന്നിലുണ്ട്. ഈ പദ്ധതിയുടെ പ്രയോജനം നേടാൻ ആഗ്രഹിക്കുന്നവർക്ക് ഈ മാസം ഒന്നാം തീയതി മുതൽ ഒരു വർഷത്തേക്ക് ആഴ്ചയിൽ 10 കോണ്ടം വീതം ലഭിക്കുമെന്ന് തായ് സർക്കാർ വക്താവ് പറഞ്ഞു.

സിഫിലിസ്, എയ്ഡ്സ്, സെർവിക്കൽ ക്യാൻസർ, ഗൊണോറിയ, ക്ലമീഡിയ എന്നിവയുൾപ്പെടെയുള്ള രോഗങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെയാണ് ഈ കാമ്പയിൻ നടത്തുന്നത്. പൊതുജനാരോഗ്യം പ്രോത്സാഹിപ്പിക്കാനാണ് രാജ്യത്തുടനീളമുള്ള ഫാർമസികളിലൂടെയും ആശുപത്രികളിലൂടെയും പദ്ധതി നടപ്പിലാക്കുന്നത്. തായ്‌ലന്റിൽ ലൈംഗികമായി പകരുന്ന രോഗങ്ങളിൽ പകുതിയിലധികവും സിഫിലിസും ഗൊണോറിയയും ആയിരുന്നു.

# രാമക്ഷേത്ര നിർമ്മാണം: 60 ദശലക്ഷം വർഷം പഴക്കമുള്ള അപൂർവ ശാലിഗ്രാം പാറകൾ അയോധ്യയിലെത്തി



ശ്രീരാമന്റെയും ജാനകി ദേവിയുടെയും വിഗ്രഹം കൊത്തിയെടുത്ത് രാമക്ഷേത്രത്തിന്റെ ശ്രീകോവിലിൽ സ്ഥാപിക്കുന്നതിനുള്ള രണ്ട് അപൂർവ പാറകൾ അയോധ്യയിലെത്തിച്ചു. നേപ്പാളിൽ നിന്ന് ബുധനാഴ്ച വൈകിയാണ് 60 ദശലക്ഷം വർഷം പഴക്കമുള്ള അപൂർവ ശാലിഗ്രാം പാറകൾ അയോധ്യയിലെത്തിയത്. പുണ്യനഗരത്തിലെ സന്യാസിമാർ ഇന്ന് ദേവശിലകളെ ആദരിക്കുകയും സമർപ്പിക്കുകയും ചെയ്യും. 60 ദശലക്ഷം വർഷം പഴക്കമുള്ള ഈ ശാലിഗ്രാം പാറകൾ നേപ്പാളിൽ നിന്ന് രണ്ട് വ്യത്യസ്ത ട്രക്കുകളിലായാണ് അയോധ്യയിലെത്തിച്ചത്. ഒരു പാറയ്ക്ക് 26 ടൺ ഭാരമുണ്ടെന്നും മറ്റൊന്നിന് 14 ടൺ ഭാരമുണ്ടെന്നും റിപ്പോർട്ടുണ്ട്. വിശ്വഹിന്ദു പരിഷത്തിന്റെ ദേശീയ സെക്രട്ടറി രാജേന്ദ്ര സിംഗ് പങ്കജാണ് നേപ്പാളിലെ മുസ്താങ് ജില്ലയിൽ നിന്നുമാണ് ഇവ കൊണ്ടുവന്നത്. സന്യാസിമാരും നാട്ടുകാരും ചേർന്ന് ആചാരങ്ങൾ അർപ്പിച്ചും മാലകളാൽ അലങ്കരിച്ചും കല്ലുകൾ സ്വീകരിച്ചു. നേപ്പാളിലെ മുസ്താങ് ജില്ലയിലെ സാലിഗ്രാമയ്ക്ക് സമീപമുള്ള ഗണ്ഡകി നദിയിൽ നിന്നാണ് ഈ പാറകൾ കണ്ടെത്തിയത്. ഈ കല്ലിൽ കൊത്തിയെടുത്ത ശ്രീരാമന്റെ വിഗ്രഹം രാമക്ഷേത്രത്തിന്റെ ശ്രീകോവിലിൽ സ്ഥാപിക്കുമെന്നും അടുത്ത വർഷം ജനുവരിയിലെ മകരസംക്രാന്തി ഉത്സവത്തോടെ ഇത് തയ്യാറാകുമെന്നും അധികൃതർ പിടിഐയോട് പറഞ്ഞു. അതിനിടെ രാമക്ഷേത്ര നിർമാണ സമിതിയുടെ ദ്വിദിന യോഗം അയോധ്യയിൽ ആരംഭിച്ചു. ക്ഷേത്രനിർമാണത്തിന്റെ പുരോഗതി അവലോകനം ചെയ്തതായും ഭഗവാന്റെ പുതിയ വിഗ്രഹം സ്ഥാപിക്കുന്നതും കൊത്തുപണി ചെയ്യുന്നതുമായി ബന്ധപ്പെട്ട ചർച്ചകളും നടന്നതായി ബന്ധപ്പെട്ടവർ അറിയിച്ചു. കൺസ്ട്രക്ഷൻ കമ്മിറ്റി ചെയർമാൻ നൃപേന്ദ്ര മിശ്രയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ട്രസ്റ്റ് സെ

# ഇന്ത്യൻ ഗോതമ്പ് കർഷകർക്ക് നന്ദി ; നെയ്യ് ചേർത്ത് റൊട്ടിയുണ്ടാക്കി ബിൽഗേറ്റ്സ്



ഭക്ഷണമുണ്ടാക്കുന്നതിന്റെ വീഡിയോ കാണാൻ പൊതുവേ എല്ലാവർക്കുമിഷ്ടമാണ്. അത്തരം വീഡിയോ വേഗം വൈറലാകുകയും ചെയ്യും. അത്തരത്തിലൊരു വീഡിയോയാണ് ഇപ്പോൾ ശ്രദ്ധിക്കപ്പെട്ടിരിക്കുന്നത്. മൈക്രോസോഫ്റ്റ് സ്ഥാപകനായ ബിൽഗേറ്റ്സ് ഇന്ത്യൻ റൊട്ടിയുണ്ടാക്കുന്നതിന്റെ വീഡിയോയാണ് ഇപ്പോൾ സാമൂഹികമാധ്യമങ്ങളിൽ ശ്രദ്ധ പിടിച്ചുപറ്റുന്നത്.അമേരിക്കൻ സെലിബ്രിറ്റി ഷെഫായ ഈഥൻ ബെർനാഥിനൊപ്പമാണ് ബിൽഗേറ്റ്സ് റൊട്ടിയുണ്ടാക്കുന്നത്. ഞങ്ങൾ ഇരുവരും ചേർന്ന് അടിപൊളി റൊട്ടിയുണ്ടാക്കിയെന്ന അടിക്കുറിപ്പോടെയാണ് ബിൽഗേറ്റ്സ് വീഡിയോ പങ്കുവെച്ചിരിക്കുന്നത്. ഗോതമ്പു കുഴയ്ക്കുന്നതും തവയിൽ റൊട്ടിയുണ്ടാക്കുന്നതുമെല്ലാം രസകരമായ രീതിയിലാണ് വീഡിയോയിൽ അവതരിപ്പിച്ചിരിക്കുന്നത്.ഇതിനിടയിൽ ഇരുവരും തമ്മിൽ തമാശരൂപേണയുള്ള സംഭാഷണങ്ങളും വീഡിയോയിൽ കാണാം. എന്നാണ് അവസാനമായി പാചകം ചെയ്തതെന്ന് ഈഥൻ ബിൽഗേറ്റിനോട് ചോദിക്കുന്നുണ്ട്. സൂപ്പ് ചൂടാക്കുന്നത് പാചകമായി കണക്കാക്കിയാൽ സ്ഥിരമായി പാചകം ചെയ്യുന്നുവെന്നും തമാശരൂപേണ അദ്ദേഹം മറുപടി പറയുന്നുണ്ട്. വീഡിയോ ഇതിനകം ലക്ഷക്കണക്കിന് ആളുകളാണ് കണ്ടുകഴിഞ്ഞത്. വീഡിയോയ്ക്കൊപ്പമുള്ള കുറിപ്പിൽ ഇന്ത്യയിലെ ഗോതമ്പുകർഷകരോടും അദ്ദേഹം നന്ദി രേഖപ്പെടുത്തിയിട്ടുണ്ട്. ഈഥൻ ഇന്ത്യയിലെ ബീഹാറിൽ പോയിരുന്നു. അവിടെയുള്ള കർഷകരെ അദ്ദേഹം പരിചയപ്പെടുകയും ' ദിദി കി രസോയി' എന്ന കമ്യൂണിറ്റി കാന്റീനിലെ സ്ത്രീകളിൽ നിന്നും റൊട്ടിയുണ്ടാക്കാൻ പഠിക്കുകയും ചെയ്തുവെന്നും അദ്ദേഹം പറഞ്ഞു.

# അദാനിവിവാദം നിക്ഷേപകരുടെ ആത്മവിശ്വാസത്തെ ബാധിക്കുമെന്ന് കരുതുന്നില്ല- നിർമല സീതാരാമൻ



മുംബൈ: രാജ്യത്തെ വിപണികൾ മികച്ച രീതിയിൽ നിയന്ത്രിക്കപ്പെടുന്നുണ്ടെന്നും അദാനി വിവാദം നിക്ഷേപകരുടെ ആത്മവിശ്വാസത്തെ ബാധിക്കുമെന്ന് കരുതുന്നില്ലെന്നും ധനമന്ത്രി നിർമലാ സീതാരാമൻ. സമ്പൂർണമായി മികച്ച ഭരണനിർവഹണം നടക്കുന്നതും മികച്ച രീതിയിൽ നിയന്ത്രിക്കപ്പെടുന്ന സാമ്പത്തിക വിപണിയുമായി ഇന്ത്യ തുടരുകയാണ്, നിർമല ന്യൂസ് 18-നോടു പ്രതികരിച്ചു.

അദാനി ഗ്രൂപ്പുമായി പരിമിതമായ ഇടപാടുകൾ മാത്രമാണുള്ളതെന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദീകരണങ്ങൾ പുറത്തുവിട്ടിട്ടുണ്ട്. അതിനാൽ ഓഹരിവിപണിയിലെ തകർച്ച അവയെ കാര്യമായി ബാധിക്കില്ലെന്നും ധനമന്ത്രി പറഞ്ഞു. നിക്ഷേപകർക്ക് മുൻപുണ്ടായിരുന്ന ആത്മവിശ്വാസം ഇപ്പോഴും തുടരുന്നുണ്ടെന്നാണ് താൻ വിചാരിക്കുന്നതെന്നും അവർ കൂട്ടിച്ചേർത്തു.യു.എസ്. ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹിൻഡൻബർഗ് റിസർച്ചിന്റെ റിപ്പോർട്ട് പുറത്തുവന്നതിനു പിന്നാലെ അദാനി ഗ്രൂപ്പിന്റെ ഓഹരികൾ വലിയ തകർച്ച നേരിട്ടിരുന്നു. അദാനി എന്റർപ്രൈസസ്, അദാനി പോർട്സ് ആൻഡ് സ്പെഷൽ എക്കണോമിക് സോൺ, അംബുജ സിമന്റ്സ് എന്നീ അദാനി ഗ്രൂപ്പ് കമ്പനികളെ ബി.എസ്.ഇയും എൻ.എസ്.ഇയും ഹ്രസ്വകാല അഡീഷണൽ സർവൈലൻസ് മെഷറിഎ.എസ്.എം.) നു കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ആദ്യ ഐഫോൺ മോഡൽ ലേലത്തിന്; വില ഏകദേശം 41 ലക്ഷം രൂപ



15 വർഷം മുമ്പുള്ള ആദ്യത്തെ മോഡൽ ഐഫോൺ ലേലം ചെയ്ത് വിൽക്കാൻ ഒരുങ്ങുകയാണ് അമേരിക്കക്കാരിയായ കോസ്മറ്റിക് ടാറ്റൂ ആർട്ടിസ്റ്റ് കാരെൻ ഗ്രീൻ. തുറന്നു പോലും നോക്കാത്ത ആ ഫോണിന് അവർ വിലയിട്ടത് 50,000 ഡോളറാണ്, ഏകദേശം 41 ലക്ഷം രൂപ. 2007 ൽ പുറത്തിറങ്ങിയ ആദ്യത്തെ ഐഫോണിന് മൂന്നര ഇഞ്ച് ടച്ച് സ്ക്രീനും 2 മെഗാപിക്സൽ ക്യാമറയും എട്ട് ജിബി സ്റ്റോറേജുമാണ് ഉള്ളത്. അന്ന് 599 ഡോളർ വിലയുണ്ടായിരുന്ന ആ ഫോണാണ് ഇന്ന് അര ലക്ഷം ഡോളറിന് വിൽക്കാൻ പോകുന്നത്. ഇന്ത്യൻ രൂപയിൽ കണക്കാക്കിയാൽ അന്ന് 49,225രൂപ വിലയുണ്ടായിരുന്ന ഫോൺ ഇന്ന് വിൽക്കാൻ പോകന്നത് 41 ലക്ഷം രൂപക്കാണ്.

ദ ഗാർഡിയൻ റിപ്പോർട്ട് പ്രകാരം കഥ ഇങ്ങനെയാണ്. അന്ന് പുതിയ ജോലി കിട്ടിയപ്പോൾ ഗിഫ്റ്റായി കിട്ടിയതാണ് കാരന് ഈ ഐഫോൺ. സ്വന്തമായി മറ്റൊരു ഫോണുണ്ടായിരുന്നതുകൊണ്ടും, താൻ ഉപയോഗിക്കുന്ന നെറ്റ്‌വർക്കിന് അനുയോജ്യമല്ലാതിരുന്നതുകൊണ്ടും അവർ അത് അലമാരയിൽ പൈജാമക്കുള്ളിൽ പൊതിഞ്ഞുവെച്ചു. ആപ്പ്സ്റ്റോർ ഇല്ലാത്ത ഈ ഫോൺ അന്ന് എടി ആന്റ് ടി നെറ്റ് വർക്കിൽ മാത്രം പ്രവർത്തിക്കും വിധം തയ്യാറാക്കിയതായിരുന്നു.

അതിനിടെ 2019 ൽ ഒരു ടെലിവിഷൻ പരിപാടിക്കിടെ കാരന്റെ ഫോണിന് ഒരാൾ 5000 ഡോളർ വിലയിട്ടിരുന്നെങ്കിലും വിൽക്കാൻ അവർ തയ്യാറായിരുന്നില്ല.

അങ്ങനെയിരിക്കെയാണ് കഴിഞ്ഞ ഒക്ടോബറിൽ 39,339 ഡോളറിന് ഇതേ മോഡൽ ഐഫോൺ ലേലത്തിൽ പോയ വിവരം അവർ അറിയുന്നത്.

ന്യൂജേഴ്സിയിലെ ടാറ്റൂ ആർട്ടിസ്റ്റായ അവർക്ക് ബിസിനസിൽ കുറച്ച് പണം ആവശ്യം വന്നതോടെ ഫോൺ ലേലം ചെയ്ത് വിൽക്കാൻ തീരുമാനിക്കുകയായിരുന്നു. എൽസിജി ഓക്ഷൻസ് എന്ന സ്ഥാപനമാണ് ലേല നടപടികളുമായി മുന്നോട്ട് പോകുന്നത്. പണം അത്യാവശ്യമില്ലായിരുന്നെങ്കിൽ ആ ഐഫോൺ വിൽക്കില്ലായിരുന്നെന്നും അവർ പറയുന്നു.

മൊബൈൽ ഫോണുകളുടെ വിധി മാറ്റി എഴുതിയ സംഭവമായിരുന്നു ആദ്യ ഐഫോണിന്റെ വരവ്. സ്മാർട്ട് ഫോൺ യുഗത്തിന്റെ പിറവിക്കിടയാക്കിയ സംഭവം. ഇന്ന് ആളുകൾ ആശയവിനിമയം നടത്തുന്നതും പണമിടപാട് നടത്തുന്നതും ജോലി ചെയ്യുന്നതും സിനിമകാണുന്നതും ചിത്രങ്ങൾ എടുക്കുന്നതും ഉൾപ്പടെ എല്ലാം സാധ്യമായ സ്മാർട്ട്ഫോണുകളിലാണെന്നത് ആ ഐഫോൺ പതിപ്പിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. പിന്നീടങ്ങോട്ട് ടച്ച് സ്ക്രീൻ മൊബൈൽ ഫോണുകൾ വന്നു. മെച്ചപ്പെട്ട ഇന്റർനെറ്റ് കണക്റ്റിവിറ്റിയെത്തി. അതിനനുബന്ധിച്ചുള്ള പുതിയ സൗകര്യങ്ങൾ ഫോണുകളിൽ ലഭിച്ചുതുടങ്ങി, ഫോണുകളുടെ തന്നെ ശേഷി അന്നത്തേതിനേക്കാളും എത്രയോ മടങ്ങ് വർധിച്ചു.

ഐഫോൺ അന്നുണ്ടാക്കിയ പേരിന് ഇന്നും യാതൊരു കളങ്കവും ഏൽക്കാതെ പ്രതാപത്തോടെ വിപണിയിൽ തുടരുന്നുമുണ്ട്.

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647

## അദാനിക്കെതിരെ അന്വേഷണം വേണം; ഉത്തരവിടുന്നത് വരെ പ്രതിഷേധമെന്ന് പ്രതിപക്ഷം, പാർലമെൻറ് സ്തംഭിച്ചു

**ദില്ലി:** അദാനിക്കെതിരായ അന്വേഷണത്തിന് സർക്കാർ ഉത്തരവിടുന്നത് വരെ പ്രതിഷേധം തുടരാൻ പ്രതിപക്ഷ തീരുമാനം. അദാനി വിഷയം ഉന്നയിച്ചുള്ള പ്രതിഷേധത്തിൽ പാർലമെൻറ് രണ്ടാം ദിനവും സ്തംഭിച്ചു. എന്നാൽ ബജറ്റ് ഉൾപ്പെടെയുള്ള വിഷയം ചർച്ച ചെയ്യേണ്ട സമയം പ്രതിപക്ഷം പാഴാക്കുകയാണെന്ന് ലോക്സഭ സ്പീക്കർ കുറ്റപ്പെടുത്തി. അദാനിക്കെതിരായ വെളിപ്പെടുത്തലുകളിൽ ചർച്ച വേണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് സിപിഎം, ശിവസേന ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ പാർലമെൻറിൽ നോട്ടീസ് നൽകിയിരുന്നു. എന്നാൽ വിഷയം ചർച്ചക്കെടുക്കാനാകില്ലെന്ന് ലോക്സഭാ-രാജ്യസഭ അധ്യക്ഷന്മാർ വ്യക്തമാക്കി. ഈ സാഹചര്യത്തിലാണ് പ്രതിപക്ഷം പ്രതിഷേധിച്ചത്.

അദാനി വിഷയത്തിൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷ പാർട്ടികളിലെ എംപിമാർ ലോകസഭയുടെ നടുത്തളത്തിലറങ്ങി മുദ്രാവാക്യം വിളിച്ചു. ബജറ്റ്, ജി20 വിഷയങ്ങളിൽ ചർച്ച നടക്കേണ്ട സമയമാണെന്നും തടസ്സപ്പെടുത്തരുതെന്നും ലോകസഭ സ്പീക്കർ ഓംബിർള ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല. ഒടുവിൽ ലോക്സഭ രണ്ട് മണിവരെയും രാജ്യസഭ രണ്ടര വരെയും നിർത്തിവെച്ചു. സഭ ചേരുന്നതിന് മുന്നോടിയായി കോൺഗ്രസ് രാജ്യസഭ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖർഗെയുടെ നേതൃത്വത്തിൽ പ്രതിപക്ഷ പാർട്ടികൾ യോഗം ചേർന്നിരുന്നു. പതിനാറ് പാർട്ടികളാണ് യോഗത്തിൽ പങ്കെടുത്തത്. അദാനിക്കെതിരെ ജെപിസി അന്വേഷണമോ സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ അന്വേഷമോ നടത്തുന്നത് വരെ പ്രതിഷേധം തുടരാനാണ് യോഗത്തിലെ തീരുമാനം. ഇന്ന് വീണ്ടും സഭചേരുമ്പോഴും പ്രതിപക്ഷ പാർട്ടികൾ പ്രതിഷേധം തുടരും.




## ബി.ബി.സി. ഡോക്യുമെന്ററി: കേന്ദ്രത്തിന് സുപ്രീം കോടതി നോട്ടീസ്, മൂന്നാഴ്ചയ്ക്കകം മറുപടി നൽകണം

ന്യൂഡൽഹി: ബി.ബി.സിയുടെ 'ഇന്ത്യ: ദ മോദി ക്വസ്റ്റ്യൻ' എന്ന ഡോക്യുമെന്ററി വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് സുപ്രീം കോടതിയുടെ നോട്ടീസ്. ഡോക്യുമെന്ററിയുടെ ലിങ്ക് പങ്കുവെക്കുന്ന ടീറ്റുകൾ നീക്കം ചെയ്യാൻ നിർദേശിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ ആധികാരികമായ രേഖ ഹാജരാക്കാൻ കോടതി കേന്ദ്രത്തോടു നിർദേശിച്ചു. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, എം.എം. സുന്ദരേഷ് എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് നിർദേശം. മറുപടി സമർപ്പിക്കാൻ കേന്ദ്രത്തിന് മൂന്നാഴ്ചത്തെ സമയം കോടതി അനുവദിച്ചിട്ടുണ്ട്. വിഷയം ഏപ്രിൽ മാസത്തിൽ പരിഗണിക്കാനായി കോടതി ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഡോക്യുമെന്ററി ലിങ്കുകൾ പങ്കുവെക്കുന്നത് വിലക്കിയ കേന്ദ്ര നടപടിയ്ക്കെതിരേ രണ്ടു ഹർജികളാണ് കോടതിക്ക് മുൻപാകെ എത്തിയത്. ഇതിൽ ഒന്ന് തൃണമൂൽ കോൺഗ്രസ് എം.പി. മഹുവാ മോയിത്രയും അഭിഭാഷകൻ പ്രശാന്ത് ഭൂഷണും സംയുക്തമായി സമർപ്പിച്ചതാണ്. മറ്റൊന്ന് അഭിഭാഷകൻ എം.എൽ. ശർമയുടേതാണ്. ബി.ബി.സി. ഡോക്യുമെന്ററിയുടെ ലിങ്കുകൾ പരാമർശിക്കുന്ന യുട്യൂബ് വീഡിയോകളും ടിറ്റർ പോസ്റ്റുകളും ബ്ലോക്ക് ചെയ്യാൻ ജനുവരി 21-ന് കേന്ദ്രം നിർദേശം നൽകിയിരുന്നു.





## ശൈശവ വിവാഹം: അസമിൽ കൂട്ട അറസ്റ്റ്, പിടിയിലായത് 1800-ലേറെ പേർ

ഗുവാഹാട്ടി: ശൈശവ വിവാഹങ്ങൾക്കെതിരേ ശക്തമായ നടപടി സ്വീകരിക്കുമെന്ന മുന്നറിയിപ്പിന് പിന്നാലെ അസമിൽ 1800-ലേറെ പേർ അറസ്റ്റിൽ. ശൈശവ വിവാഹ നിരോധന നിയമം ലംഘിച്ചവരെയാണ് അസമിൽ കൂട്ടത്തോടെ അറസ്റ്റ് ചെയ്തത്. ഇതുവരെ 1800-ലേറെ പേർ അറസ്റ്റിലായെന്നും സംസ്ഥാന വ്യാപകമായി പോലീസ് നടപടികൾ തുടരുകയാണെന്നും മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ അറിയിച്ചു. നിയമം ലംഘിച്ചവർക്കെതിരേ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ നടപടി സ്വീകരിക്കണമെന്ന് പോലീസിന് നിർദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ശൈശവ വിവാഹവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം 4004 കേസുകൾ രജിസ്റ്റർ ചെയ്തതായും ഈ കേസുകളുമായി ബന്ധപ്പെട്ട് വരുംദിവസങ്ങളിൽ നടപടിയുണ്ടാകുമെന്നും കഴിഞ്ഞദിവസം മുഖ്യമന്ത്രി അറിയിച്ചിരുന്നു. ഇതിനുപിന്നാലെയാണ് പോലീസ് അറസ്റ്റ് നടപടികളിലേക്ക് കടന്നത്. സംസ്ഥാനത്തെ ഉയർന്ന മാതൃ-ശിശു മരണനിരക്കിന് കാരണം ശൈശവവിവാഹങ്ങളാണെന്ന് മുഖ്യമന്ത്രി നേരത്തെ വ്യക്തമാക്കിയിരുന്നു. അസമിലെ വിവാഹങ്ങളിൽ 31 ശതമാനവും ശൈശവവിവാഹങ്ങളാണ്. ഈ സാഹചര്യത്തിലാണ് ശൈശവ വിവാഹ നിരോധന നിയമം ലംഘിക്കുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. 14 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ വിവാഹം കഴിച്ചവർക്കെതിരേ പോക്സോ നിയമപ്രകാരം കേസെടുക്കാനായിരുന്നു മന്ത്രിസഭയുടെ തീരുമാനം. 14 മുതൽ 18 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികളെ വിവാഹം കഴിച്ചവർക്കെതിരേ ശൈശവ വിവാഹ നിരോധന നിയമപ്രകാരം കേസെടുക്കാനും മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. അതേസമയം, ശൈശവ വിവാഹങ്ങൾക്കെതിരേയുള്ള 'യുദ്ധം' ഏതെങ്കിലും ഒരുവിഭാഗത്തെ മാത്രം ലക്ഷ്യംവെച്ചുള്ളതല്ലെന്ന് മുഖ്യമന്ത്രി ഹിമന്ത് ബിശ്വശർമ വ്യക്തമാക്കി.



## എഞ്ചിനിൽ തീ; അബുദാബി-കോഴിക്കോട് എയർ ഇന്ത്യ എക്സ്പ്രസ് വിമാനം തിരിച്ചിറക്കി

**.ദുബായ്:** എഞ്ചിനിൽ തീ പടർന്നതിനെ തുടർന്ന് അടിയന്തരമായി വിമാനം തിരിച്ചിറക്കി. അബുദാബിയിൽ നിന്ന് കോഴിക്കോടേക്ക് പുറപ്പെട്ട എയർ ഇന്ത്യ എക്സ്പ്രസ് വിമാനമാണ് തിരിച്ചിറക്കിയതെന്ന് എയർ ഇന്ത്യ അറിയിച്ചു. പുലർച്ചെ ഒരു മണിക്ക് അബുദാബിയിൽ നിന്ന് പുറപ്പെട്ട ഐ.എക്സ്.348 വിമാനത്തിലാണ് 1000 അടി ഉയരത്തിൽ എത്തിയതോടെ എഎഞ്ചിനിൽ തീ പടരുന്നത് ശ്രദ്ധയിൽപെട്ടത്. തുടർന്ന് അടിയന്തരമായി വിമാനം തിരിച്ചിറക്കുകയായയിരുന്നു. യാത്രക്കാരെല്ലാം സുരക്ഷിതരാണെന്ന് എയർ ഇന്ത്യ അറിയിച്ചു.



## ബഡ്ജറ്റിന് കൈയടിയുമായി അഫ്ഗാനിൽ നിന്നും താലിബാൻ! ആകർഷിച്ചത് ഈ വാഗ്ദാനം

കാബൂൾ : കഴിഞ്ഞ ബുധനാഴ്ച കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിനെ സ്വാഗതം ചെയ്ത് താലിബാൻ.

കേന്ദ്ര ബഡ്ജറ്റിൽ അഫ്ഗാനിസ്ഥാന് ഇന്ത്യ പ്രഖ്യാപിച്ച 200 കോടി രൂപയുടെ സഹായ പാക്കേജിനെ താലിബാൻ അഭിനന്ദിച്ചു. താലിബാൻ അഫ്ഗാനിസ്ഥാന്റെ നിയന്ത്രണം ഏറ്റെടുത്തതിന് ശേഷം ഇത് രണ്ടാം തവണയാണ് ഇന്ത്യ സഹായ ഹസ്തം നീട്ടുന്നതെന്ന് ഖാമ പ്രസ് റിപ്പോർട്ട് ചെയ്തു.


'അഫ്ഗാനിസ്ഥാന്റെ വികസനത്തിന് ഇന്ത്യ നൽകുന്ന പിന്തുണയെ ഞങ്ങൾ അഭിനന്ദിക്കുന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധവും വിശ്വാസവും മെച്ചപ്പെടുത്താൻ ഇത് സഹായിക്കും,' താലിബാൻ സർക്കാർ പ്രതിനിധി സുഹൈൽ ഷഹീൻ പറഞ്ഞു. താലിബാൻ അഫ്ഗാൻ ഭരണം പിടിച്ചെടുക്കും മുൻപ് കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ ഇന്ത്യ മുൻകൈ എടുത്ത് നടത്തിയിരുന്നു. എന്നാൽ താലിബാൻ അധികാരത്തിൽ വന്നതോടെ ഇന്ത്യ അഫ്ഗാനുമായുള്ള നയതന്ത്ര ബന്ധം നിർത്തലാക്കി. അതേസയമം മാനുഷിക സഹായങ്ങൾ തുടരുകയും ചെയ്തു.

'അഫ്ഗാനിസ്ഥാനിൽ ഇന്ത്യ ധനസഹായം നൽകുന്ന വിവിധ പദ്ധതികൾ ഉണ്ടായിരുന്നു. ഈ പദ്ധതികളുടെ പ്രവർത്തനം ഇന്ത്യ പുനരാരംഭിച്ചാൽ, അത് ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുകയും അവിശ്വാസം ഇല്ലാതാക്കാനുമാവും' എന്നാണ് ഇതിനെ കുറിച്ച് താലിബാൻ പ്രതിനിധി പറയുന്നത്.



## തുണിയിൽ പൊതിഞ്ഞ് യുവതിയുടെ മൃതദേഹം; കാണാതായ ആൺസുഹൃത്ത് തിരുവനന്തപുരത്ത് പിടിയിൽ

കാസർകോട്: ബദിയഡുക്കയിൽ യുവതി കൊല്ലപ്പെട്ട സംഭവത്തിൽ ഒപ്പംതാമസിച്ചിരുന്ന യുവാവ് കസ്റ്റഡിയിൽ. യുവതിയുടെ ആൺസുഹൃത്തായ വയനാട് പുൽപ്പള്ളി സ്വദേശി ആന്റോ(40)യെ വെള്ളിയാഴ്ച തിരുവനന്തപുരത്തുനിന്നാണ് പോലീസ് കസ്റ്റഡിയിലെടുത്തത്. ഇയാളെ വൈകിട്ടോടെ കാസർകോട്ട് എത്തിക്കും. കൊല്ലം കൊട്ടിയം സ്വദേശി നീതു കൃഷ്ണനെ(30) ബുധനാഴ്ചയാണ് ബദിയഡുക്കയിലെ വീട്ടിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ചനിലയിൽ കണ്ടെത്തിയത്. നാലുകെട്ടിന് സമാനമായ വീട്ടിനകത്ത് തുണിയിൽ പൊതിഞ്ഞനിലയിലായിരുന്നു മൃതദേഹം. വീട്ടിൽനിന്ന് ദുർഗന്ധം വമിച്ചതോടെ നാട്ടുകാർ നടത്തിയ പരിശോധനയിലാണ് മൃതദേഹം കണ്ടെത്തിയത്. അതേസമയം, നീതുവിനൊപ്പം താമസിച്ചിരുന്ന ആന്റോയെ തിങ്കളാഴ്ച മുതൽ സ്ഥലത്തുനിന്ന് കാണാതായിരുന്നു. നീതുവിന്റെ മരണം കൊലപാതകമാണെന്നാണ് പോലീസിന്റെ പ്രാഥമിക കണ്ടെത്തൽ. കഴുത്ത് മുറുക്കി ശ്വാസംമുട്ടിച്ചതിന്റെ പാടുകളും തലയ്ക്ക് പരിക്കേറ്റ പാടുകളും മൃതദേഹ പരിശോധനയിൽ കണ്ടെത്തിയിരുന്നു. ബദിയഡുക്ക ഏൽക്കാനയിലെ റബ്ബർതോട്ടത്തിൽ ഒന്നരമാസം മുൻപ് ടാപ്പിങ് ജോലിക്കെത്തിയവരാണ് നീതുവും ആന്റോയും. കൊല്ലപ്പെട്ട നീതു ഇതിനു മുൻപ് ഒരു വിവാഹം കഴിച്ചിട്ടുണ്ട്. അതിൽ ഒരു മകളുമുണ്ട്. ആദ്യ ഭർത്താവ് മരിച്ചതിനുശേഷമാണ് ആന്റോയ്ക്കൊപ്പം നീതു താമസം ആരംഭിച്ചത്. ആന്റോ മൂന്ന് വിവാഹം കഴിച്ചിരുന്നതായും നാലുവർഷമായി ഇരുവരും ഒരുമിച്ച് താമസിച്ചുവരികയാണെന്നും പോലീസ് പറഞ്ഞിരുന്നു. ഇവർ തമ്മിൽ വെള്ളിയാഴ്ച വൈകിട്ട് വഴക്കുണ്ടായതായും ഇതിനു ശേഷം യുവതിയെ പുറത്തൊന്നും കണ്ടിട്ടില്ലെന്നുമാണ് വീടിനു സമീപത്തുള്ള ഷെഡിൽ താമസിക്കുന്നവർ പോലീസിനു നൽകിയ മൊഴി.



## വീട്ടമ്മയെ ഫോണിൽ വിളിച്ച് മോശമായി പെരുമാറി; എസ്.ഐ.ക്ക് സസ്പെൻഷൻ

തിരുവനന്തപുരം: വീട്ടമ്മയെ ഫോണിൽ വിളിച്ച് മോശമായി പെരുമാറിയ പോലീസ് ഉദ്യോഗസ്ഥന് സസ്പെൻഷൻ. തിരുവനന്തപുരം കന്റോൺമെന്റ് സ്റ്റേഷനിലെ എസ്.ഐ. അശോക് കുമാറിനെതിരെയാണ് നടപടി. പ്രായപൂർത്തിയാവാത്ത മകന്റെ പേരിലുള്ള കേസിനെന്ന പേരിൽ വീട്ടമ്മയെ എസ്.ഐ. നിരന്തരം ഫോണിൽ വിളിച്ച് മോശമായി പെരുമാറിയെന്നാണ് പരാതി. ഡെപ്യൂട്ടി പോലീസ് കമ്മിഷണർക്കാണ് വീട്ടമ്മ പരാതി നൽകിയിരുന്നത്. തുടർന്ന് ഇവരുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. കേസിൽനിന്നു വിദ്യാർഥിയായ മകനെ ഒഴിവാക്കിത്തരാമെന്ന പേരിലാണ് എസ്.ഐ. തുടർച്ചയായി വിളിച്ചതെന്ന് പരാതിയിൽ പറയുന്നു. കേസിനെക്കുറിച്ച് സംസാരിക്കാനെന്ന പേരിൽ വീട്ടമ്മയെ താമസസ്ഥലത്തേക്കും ഹോട്ടലിലേക്കും അടക്കം വിളിച്ചുവെന്നും ആരോപണമുണ്ട്. ശല്യം സഹിക്കാനാവാതെ വന്നതോടെ ഫോൺ റെക്കോഡ് ചെയ്ത് ഡി.സി.പി.ക്ക് പരാതി നൽകുകയായിരുന്നു. അതിനിടെ, ഈ കേസിന്റെ അന്വേഷണച്ചുമതല ഈ എസ്.ഐ.ക്കായിരുന്നില്ലെന്നും സ്വയമേ പ്രതിഭാഗത്തെ വിളിക്കുകയായിരുന്നുവെന്നും പറയപ്പെടുന്നുണ്ട്.




## BSNL എൻജി. സഹകരണസംഘത്തിലെ 44 കോടിയുടെ തട്ടിപ്പ്; സെക്രട്ടറി അറസ്റ്റിൽ

**തിരുവനന്തപുരം:** ബി.എസ്.എൻ.എൽ. എൻജിനിയേഴ്സ് സഹകരണസംഘത്തിൽ 1255 പേരുടെ 44.15 കോടി രൂപയുടെ നിക്ഷേപം തിരിമറി നടത്തിയെന്ന കേസിൽ, സംഘം സെക്രട്ടറി അറസ്റ്റിൽ. ബി.എസ്.എൻ.എൽ. മുൻ പോസ്റ്റ് ഡിവിഷണൽ എൻജിനിയർ, വെള്ളായണി ഊക്കോട് വിവേകാനന്ദ നഗർ ഗുരുപ്രഭയിൽ കെ.വി.പ്രദീപിനെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റു ചെയ്തത്. പ്രദീപിനെ പിന്നീട് ക്രൈംബ്രാഞ്ചിന്റെ കസ്റ്റഡിയിൽ വിട്ടു. 2012 മുതൽ 2017 വരെ സംഘത്തിന്റെ ഡയറക്ടർ ബോർഡ് അംഗവും 2017 മുതൽ 2022 വരെ സെക്രട്ടറിയുമായിരുന്നു പ്രദീപ്. ക്രൈംബ്രാഞ്ചിലെ സാമ്പത്തിക കുറ്റാന്വേഷണവിഭാഗമാണ് ഇപ്പോൾ കേസ് അന്വേഷിക്കുന്നത്. നേരത്തെ കേസ് അന്വേഷിച്ചിരുന്ന വഞ്ചിയൂർ പോലീസിൽനിന്ന് ക്രൈംബ്രാഞ്ച് വിവരങ്ങൾ ശേഖരിച്ചിരുന്നു. സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലാണ് അന്വേഷണം വഞ്ചിയൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ മുൻ സംഘം പ്രസിഡന്റ് ഗോപിനാഥൻ, ക്ലാർക്ക് രാജീവ് മറ്റു ഭരണ സമിതിയംഗങ്ങൾ എന്നിവരാണ് പ്രതികൾ. എന്നാൽ ഗോപിനാഥിനെയും രാജീവിനെയും ഇതുവരെയും അറസ്റ്റു ചെയ്യാനായിട്ടില്ല. ഗോപിനാഥന്റെയും രാജീവിന്റെയും പേരിലും ബന്ധുക്കളുടെ പേരിലുമുള്ള 14 വസ്തുവകകൾ ആദ്യഘട്ടത്തിൽ കണ്ടുകെട്ടിയിരുന്നു. ആറു വസ്തുക്കൾ ഉടൻ സഹകരണവകുപ്പ് കണ്ടുകെട്ടും. നിക്ഷേപകർ ധർണ നടത്തും



## ഒരുവർഷം മുൻപുള്ള വൈരാഗ്യം; നടുറോഡിൽ അക്രമി സംഘത്തിന്റെ അഴിഞ്ഞാട്ടം, കാലുകൾ അടിച്ചൊടിച്ചു

തിരുവല്ലം: പനത്തുറയ്ക്കടുത്ത് ബൈപ്പാസിലെ സർവീസ് റോഡിൽ ഭീതിവിതച്ച് അക്രമിസംഘം. ആറുപേരടങ്ങുന്ന സംഘം യുവാക്കളെ ആക്രമിച്ചു പരിക്കേൽപ്പിച്ചു. കമ്പിയും മൺവെട്ടിയും ഉപയോഗിച്ചായിരുന്നു അക്രമം. സംഭവം തടയാനെത്തിയ നാട്ടുകാരെ സംഘം വിരട്ടിയോടിച്ചു. ആക്രമണ സംഘത്തിലെ ആറുപേരിൽ നാലുപേരെ തിരുവല്ലം പോലീസ് അറസ്റ്റുചെയ്തു. പനത്തുറയ്ക്കു സമീപം സർവീസ് റോഡിൽ പ്രവർത്തിക്കുന്ന സ്വകാര്യ മദ്യശാലയ്ക്കു മുന്നിൽ കഴിഞ്ഞ 27-ന് രാത്രി എട്ടോടെയായിരുന്നു അക്രമം. പാച്ചല്ലൂർ സ്വദേശികളായ പ്രേംശങ്കർ(29), അച്ചു(25), രഞ്ചിത്ത്(33), അജീഷ്(30) എന്നിവരെയാണ് കഴിഞ്ഞ ദിവസം അറസ്റ്റുചെയ്തത്. വെള്ളാർ സ്വദേശികളായ വിനു(27), ജിത്തുലാൽ(23) എന്നിവരൊണ് സംഘം ആക്രമിച്ചത്. വിനുവിന്റെ കാലുകൾ കമ്പിയും മൺവെട്ടിയുടെ പിടിയും ഉപയോഗിച്ച് പ്രതികൾ അടിച്ചൊടിക്കുകയായിരുന്നു. ഇയാളുടെ ഒപ്പമുണ്ടായിരുന്ന ജിത്തു തടയാനെത്തിയപ്പോൾ സംഘം തലയ്ക്കടിച്ച് പരിക്കേൽപ്പിക്കുകയായിരുന്നു. പ്രതികൾ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ പോലീസ് കണ്ടെടുത്തു. ഒന്നാംപ്രതി പ്രേംശങ്കറിന്റെ സഹോദരൻ ഉണ്ണിശങ്കറിനെ ജിത്തുലാലും സംഘവും ഒരുവർഷം മുമ്പ് ആക്രമിച്ച് പരിക്കേൽപ്പിച്ചിരുന്നതായും ഇതിന്റെ വൈരാഗ്യത്തിലാണ് ആക്രമണമെന്നും തിരുവല്ലം പോലീസ് പറഞ്ഞു. എസ്.എച്ച്.ഒ. രാഹുൽ രവീന്ദ്രൻ, എസ്.ഐ.മാരായ കെ.പി.അനൂപ്, മനോഹരൻ, സീനിയർ സി.പി.ഒ.മാരായ രാജീവ്, ഷിജു എന്നിവരുൾപ്പെട്ട സംഘമാണ് അറസ്റ്റുചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡു ചെയ്തു.



## നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വൻ സ്വർണ വേട്ട; അടിവസ്ത്രത്തിൽ പോക്കറ്റുണ്ടാക്കി ഒളിപ്പിച്ച്കടത്തിയത് ലക്ഷങ്ങളുടെ സ്വർണം

കൊച്ചി: നെടുമ്ബാശ്ശേരി വിമാനത്താവളത്തിൽ വൻ സ്വർണ വേട്ട. അടിവസ്ത്രത്തിനുള്ളിൽ ഒളിപ്പിച്ച് കടത്താൻ ശ്രമിച്ച 543 ഗ്രാം സ്വർണമാണ് പിടികൂടിയത്. ഇതിന് 27 ലക്ഷം രൂപ വിലവരുമെന്ന് അധികൃതർ അറിയിച്ചു. എറണാകുളം സ്വദേശി അശോകനെ അറസ്റ്റ് ചെയ്തു. ദുബായിൽ നിന്നാണ് സ്വർണം കൊണ്ടുവന്നതെന്നാണ് റിപ്പോർട്ടുകൾ. അടിവസ്ത്രത്തിൽ പോക്കറ്റുണ്ടാക്കി സ്വർണം വച്ചശേഷം പോക്കറ്റ് ആണെന്ന് മനസിലാക്കാൻ പറ്റാത്ത രീതിയിൽ തയച്ചിരുന്നു. ഇയാളുടെ പെരുമാറ്റത്തിൽ സംശയം തോന്നിയ കസ്റ്റംസ് വിശദമായി പരിശോധിക്കുകയായിരുന്നു.

## തിരുവനന്തപുരത്ത് ഓടിക്കൊണ്ടിരുന്ന കാറിന് തീപിടിച്ചു, ; മുൻഭാഗം മുഴുവനായി കത്തിനശിച്ചു

തിരുവനന്തപുരം: ഓടിക്കൊണ്ടിരുന്ന കാറിന് തീപിടിച്ചു. വെഞ്ഞാറമൂട് മൈലക്കുഴിയിൽ രാവിലെ ഒൻപത് മണിയോടെയായിരുന്നു സംഭവം. ആറ്റിങ്ങൽ സ്വദേശി സനോജ് ഓടിച്ചിരുന്ന വണ്ടിയ്ക്കാണ് തീപിടിച്ചത്. വെഞ്ഞാറമൂട് ഭാഗത്തുനിന്ന് ആറ്റിങ്ങൽ ഭാഗത്തേക്ക് പോകുകയായിരുന്നു സനോജ്. കാറിന്റെ മുൻഭാഗത്തുനിന്ന് പുക ഉയരുന്നത് കണ്ട് സനോജ് വാഹനം നിർത്തി പുറത്തിറങ്ങിയതുകൊണ്ടാണ് രക്ഷപ്പെട്ടത്. അപകടം നടക്കുമ്ബോൾ സനോജ് മാത്രമേ കാറിലുണ്ടായിരുന്നുള്ളു. വണ്ടിയിൽ നിന്ന് പുക ഉയരുന്നത് ആദ്യം നാട്ടുകാരാണ് കണ്ടത്. അവർ വിളിച്ചുപറഞ്ഞപ്പോഴാണ് സനോജ് പുക കണ്ടത്. തുടർന്ന് വാഹനത്തിൽ സെൻട്രൽ ലോക്ക് വീഴുകയും സനോജ് ലോക്ക് മാറ്റി പുറത്തിറങ്ങുകയായിരുന്നു. കാറിന്റെ മുൻഭാഗം പൂർണമായും കത്തിനശിച്ചു. ഫയർഫോഴ്സെത്തി തീയണച്ചു. അപകടത്തിന്റെ കാരണം വ്യക്തമല്ല. ഇന്നലെ കണ്ണൂരിൽ ഓടിക്കൊണ്ടിരുന്ന കാറിന് തീപടിച്ച് ഗർഭിണിയും ഭർത്താവും മരിച്ചിരുന്നു.



## കോഴിക്കോട്ട് കോളേജ് വിദ്യാർഥികളും നാട്ടുകാരും തമ്മിൽ സംഘർഷം; 13 വിദ്യാർഥികൾക്ക് പരിക്ക്

കോഴിക്കോട്: മുക്കം കളന്തോട് എം.ഇ.എസ്. കോളേജിലെ വിദ്യാർഥികളും നാട്ടുകാരും തമ്മിൽ സംഘർഷം. സംഘർഷത്തിനിടെ കത്തികൊണ്ട് ഒരു വിദ്യാർഥിയുടെ കൈയ്ക്ക് മുറിവേറ്റു. സംഘർഷത്തിൽ പരിക്കേറ്റ 13 വിദ്യാർഥികൾ മുക്കം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടി.

വെള്ളിയാഴ്ച ഉച്ചയോടെയായിരുന്നു സംഭവം. റോഡരികിൽ വാഹനം നിർത്തിയതുമായി ബന്ധപ്പെട്ടാണ് നാട്ടുകാരും വിദ്യാർഥികളും തമ്മിൽ തർക്കമുണ്ടായത്. ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാനെത്തിയ വിദ്യാർഥികൾ റോഡിൽ വാഹനം നിർത്തിയെന്ന് ആരോപിച്ചായിരുന്നു തർക്കം. ഇതിനിടെ യാതൊരു പ്രകോപനവുമില്ലാതെ നാട്ടുകാരിൽ ഒരാൾ മർദിച്ചെന്നും കത്തി കാട്ടി ഭീഷണിപ്പെടുത്തിയെന്നുമാണ് വിദ്യാർഥികൾ പറയുന്നത്.

## നസ്രത്ത് സന്ന്യാസിനി സമുഹത്തിന്റെ പ്ലാറ്റിനം ജ്യൂബലി സമാപനം

അങ്കമാലി: നസ്രത്ത് സന്ന്യാസിനി സമുഹത്തിന്റെ പ്ലാറ്റിനം ജ്യൂബലി സമാപന സമ്മേള്ളനം ഇന്ന് മാതൃഭവനമായ എടക്കുന്നിൽ നടക്കും രാവിലെ 10-30 ന് ഫാദർ വർഗീസ് പൊട്ടയ്ക്കലിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷമായ പാട്ടു കൂർബ്ബാനയും 3 - ന് സമാപന സമ്മേളനവും നടക്കും മദർ സുപ്പിരിയർ ടെറസിൽ അദ്ധ്യക്ഷത വഹിക്കും എറണാകുളം അങ്കമാലി അതിരൂപത അഡ്മിനിസ്ടേർ മാർ ആൻഡ്രുസ് താഴ്ത്ത് ഉദ്ഘാടനം ചെയ്യും ജസ്റ്റിസ് അബ്രാഹം മാത്യു കണ്ടത്തിൽ, മാർ മാത്യു വാണിയീ കിഴക്കേൽ , ബെന്നി ബഹന്നാൻ എം.പി. , റോജി എം ജോൺ എം.എൽ എ, സി. അൽഫോൻസ് , സി. പുഷ്പ തുടങ്ങിയവർ പ്രസീഗിക്കും അങ്കമാലി എടക്കുന്നിൽ നിന്ന് പ്രവർത്തനീ ആരംഭിച്ച സഭയ്ക്ക് കേരളത്തിലും ഇന്ത്യയിലും വിദ്ദേശത്ത് മായി 100 ശാഖ ഭവനങ്ങളും 800 - ളോം സഹോദരിമാർ സേവനം ചെയ്യുന്നു.

# ബഡ്ജറ്റ് പോക്കറ്റ് കാലിയാക്കാൻ കാരണഭൂതമാകും, സാധാരണക്കാർ നക്ഷത്രമെണ്ണും, ക്ഷേമം ഇല്ലേയില്ല



തിരുവനന്തപുരം: വോട്ടുനേടാനുള്ള ഗിമ്മിക്ക് എന്ന പ്രതിപക്ഷം ആക്ഷേപം ഉന്നയിക്കുമ്

ബോഴും സാധാരണക്കാരെ ഒരുതരത്തിലും ബുദ്ധിമുട്ടിക്കാത്തതായിരുന്നു കേന്ദ്ര ബഡ്ജറ്റ്.
എന്നാൽ പൊതുജനങ്ങളെ പരമാവധി ബുദ്ധിമുട്ടിച്ചുകൊണ്ട് അവന്റെ ജീവിതച്ചെലവ് കാര്യമായി ഉയർത്തുന്നതാണ് സംസ്ഥാന ധനമന്ത്രി കെ എൻ ബാലഗോപാൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റ്. ഇന്ധനവിലയും മദ്യവിലയും വാഹന നികുതിയും വൈദ്യുതി തീരുവയും കെട്ടിട നികുതിയും ഉൾപ്പടെ സാധാരണക്കാരെ നേരിട്ട് ബാധിക്കുന്ന എല്ലാം കൂട്ടിയിട്ടുണ്ട്. ഇതിൽ ഏറെ ബാധിക്കുക ഇന്ധനങ്ങൾക്ക് വരുന്ന വിലക്കയറ്റമാണ്.
ഉയരുന്ന ഇന്ധന വിലയ്ക്കൊപ്പം സുരക്ഷാ സെസ് കൂടി ചേർന്നാൽ ജനങ്ങളുടെ കീശ കാലിയാക്കും എന്ന് ഉറപ്പായി. ഇത് വൻതോതിലുള്ള വിലക്കയറ്റത്തിനാകും ഇടയാക്കുക. ഇപ്പോൾ തന്നെ വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടിയിരിക്കുകയാണ് ജനങ്ങൾ. അതിനിടയിലാണ് ഇടിത്തീ പോലെ പെട്രോളിനും ഡീസലിനും അധിക സെസ് ഏർപ്പെടുത്താനുള്ള തീരുമാനമുണ്ടായത്. വിലക്കയറ്റത്തിനൊപ്പം ബസ് ചാർജും ഓട്ടോ, ടാക്സി നിരക്കും കൂട്ടുന്നതിനും ഇത് ഇടയാക്കിയേക്കും.
മദ്യത്തിന് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്താനുള്ള തീരുമാനവും കുടുംബ ബഡ്ജറ്റിനെ താളം തെറ്റിക്കും. അടുത്തിടെയാണ് മദ്യത്തിന് വില വർദ്ധിപ്പിച്ചത്. 500 രൂപ മുതൽ 999 രൂപ വരെ വില വരുന്ന ഇന്ത്യൻ നിർമിത വിദേശമദ്യത്തിന് ഒരു ബോട്ടിലിന് 20 രൂപാനിരക്കിലും 1000 രൂപാ മുതൽ മുകളിലോട്ട് വില വരുന്ന മദ്യത്തിന് ബോട്ടിലിന് 40 രൂപാ നിരക്കിലും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുമെന്നുമാണ് ബഡ്ജറ്റിലെ പ്രഖ്യാപനം. ഇത് നടപ്പാക്കുന്നതോടെ ഒരാൾ മദ്യത്തിന് ചെലവാക്കുന്ന തുക കൂടും. ഇത് കുടുംബത്തിന്റെ വരുമാനത്തിൽ കുറവുണ്ടാക്കും. മദ്യത്തിന് വില കൂടുന്നതോട*!*!*ം! കൂടുതൽപ്പേർ മയക്കുമരുന്നിനെ ആശ്രയിക്കുമോ എന്ന ആശങ്ക പ്രതിപക്ഷം ഉൾപ്പടെയുള്ളവർ ഇതിനകം ഉയർത്തിയിട്ടുണ്ട്.
ഭൂമിയുടെ ന്യായവില 20 ശതമാനമാണ് കൂട്ടിയത്. ഫ്ളാറ്റുകളുടെ മുദ്രവില കൂട്ടിയത് ഒരു വീടെന്ന സാധാരണക്കാരന്റെ സ്വപ്നത്തിന് തിരിച്ചടിയാവും. കെട്ടിട നികുതിയിലും പരിഷ്കരണമുണ്ട്. ഇതും സാധാരണക്കാരനെയാണ് ബാധിക്കുക. കെട്ടിട പെർമിറ്റ് ഫീസും, കെട്ടിട അനുമതി ഫീസും കൂട്ടി. കൂടാതെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തും. ഒന്നിലധികം വീടുകളുള്ളവർക്കും പ്രത്യേക നികുതി ഏർപ്പെടുത്തും
സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനായി കോടികൾ മുടക്കിയാണ് മന്ത്രിമാർ വിദേശയാത്ര നടത്തുന്നത്. ഇങ്ങനെ നിക്ഷേപം കൊണ്ടുവരാനായി 'അക്ഷീണം പ്രയത്നിക്കുമ്ബോഴാണ്' വ്യവസായിക ഉപഭോക്താക്കൾക്ക് വൈദ്യുതി തീരുവ ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം ബഡ്ജറ്റിലുണ്ടായത്.മറ്റുസംസ്ഥാനങ്ങൾ ഭൂമിയും വെള്ളവും വൈദ്യുതിയും ഉൾപ്പടെ എല്ലാം ഫ്രീയായി നൽകുമ്ബോഴാണ് കേരളം വൈദ്യുതി തീരുവ ഏർപ്പെടുത്തുന്നത്. ഇപ്പോൾ തന്നെ നിക്ഷേപ സൗഹൃദ സംസ്ഥാനമല്ലെന്ന് ഇമേജുള്ള കേരളത്തിന് കൂടുതൽ തിരിച്ചടിയാവും.
പുതുതായി വാഹനം വാങ്ങുന്നവർക്ക് ശരിക്കും ഇരുട്ടടിയാണ് വാഹന നികുതി കൂട്ടിക്കൊണ്ടുള്ള തീരുമാനം. ബൈക്കിന് 100 രൂപ കാറിന് 200 രൂപ എന്നിങ്ങനെയാവും വാഹന സെസ് കൂടുക. മോട്ടോർ സൈക്കിളുകൾക്ക് ഒറ്റത്തവണ നികുതി രണ്ട് ശതമാനമാണ് വർദ്ധിപ്പിച്ചത്.ജുഡീഷ്യൽ കോടതി ഫീസുകളും കുത്തനെ കൂട്ടി.പാവങ്ങൾക്കും അശരണർക്കും കൈത്താങ്ങായി സാമൂഹിക ക്ഷേമ പെൻഷൻ കൂട്ടുമെന്ന് പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല.

# .തീവെട്ടിക്കൊള്ള ബജറ്റ്; ബാലഗോപാൽ എന്നല്ല നികുതി ഗോപാൽ എന്നുവിളിക്കുന്നതാണ് നല്ലത്- സുരേന്ദ്രൻ



ചെങ്ങന്നൂർ: തീവെട്ടിക്കൊള്ള ബജറ്റാണ് ധനമന്ത്രി കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ചതെന്നും ജനങ്ങൾക്ക് ഇരുട്ടടിയാണിതെന്നും ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ. കൊള്ളക്കാരനെ പോലെ ജനങ്ങളുടെ പോക്കറ്റടിക്കുകയാണ് ധനമന്ത്രി ചെയ്തതെന്ന് ചെങ്ങന്നൂരിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. കേന്ദ്രം ഇന്ധനവില കുറച്ചപ്പോൾ കേരളം കുറച്ചില്ല. ഇപ്പോൾ രണ്ട് രൂപ വർധിപ്പിക്കുകയും ചെയ്തു. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 12 രൂപയുടെ വ്യത്യാസമാണ് കേരളത്തിൽ ഇന്ധനവിലയിലുള്ളത്. ഇന്ധനവില വർധിപ്പിച്ചതുവഴി ലക്ഷക്കണക്കിന് കോടി രൂപയുടെ അധിക വരുമാനം സർക്കാരിന് ലഭിക്കുമ്പോൾ പാവപ്പെട്ടവർക്കായി ഒന്നും ബജറ്റിൽ വകയിരുത്താൻ മന്ത്രി തയ്യാറായില്ലെന്നും സുരേന്ദ്രൻ പറഞ്ഞു.
യു.പി.എ. സർക്കാരിന്റെ കാലത്ത് കേന്ദ്രം കേരളത്തിന് നൽകിയതിനേക്കാൾ നാലിരട്ടിയാണ് എൻ.ഡി.എ. സർക്കാർ സംസ്ഥാനത്തിന് നൽകിയത്. എന്നാൽ ധനമന്ത്രി പച്ചക്കള്ളം പറയുകയാണ്. കണക്കുകൾ പുറത്തുവിടാൻ സംസ്ഥാന സർക്കാരിനെ ബി.ജെ.പി. വെല്ലുവിളിക്കുന്നു. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും വില കൂടിയ ബജറ്റാണിത്. അടിസ്ഥാന ആവശ്യങ്ങൾക്ക് പണം നീക്കിവെക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. അടിസ്ഥാന വികസനമേഖലയ്ക്ക് ഏറ്റവും കുറവ് തുക വിലയിരുത്തിയ ബജറ്റാണ് ഇത്. പാവപ്പെട്ട ജനങ്ങൾക്ക് മേൽ നികുതി ഭാരം അടിച്ചേൽപ്പിച്ച് ധൂർത്തും അഴിമതിയും തുടരുമെന്നാണ് ഇതിലൂടെ വ്യക്തമാവുന്നത്.
എ.കെ.ജി. മ്യൂസിയത്തിന് ആറു കോടി അനുവദിക്കുകയും പുഴകളിൽ നിന്നും അനധികൃതമായി മണൽവാരാൻ ഒത്താശ ചെയ്യുകയുമാണ് ധനമന്ത്രി. വലിയ അഴിമതിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. തൊഴിൽ അവസരങ്ങൾ വർധിപ്പിക്കാൻ ചെറുവിരൽ പോലും അനക്കാത്ത ബജറ്റാണ് ബാലഗോപാൽ അവതരിപ്പിച്ചത്. രാജ്യത്ത് ഏറ്റവും വലിയ തൊഴിലില്ലായ്മ വിസ്ഫോടനമുള്ള സംസ്ഥാനത്ത് തൊഴിൽ സൃഷ്ടിക്കാൻ ഒന്നുമില്ലാത്ത അവസ്ഥ. ധനമന്ത്രിയെ ബാലഗോപാൽ എന്നല്ല നികുതിഗോപാൽ എന്ന് വിളിക്കുന്നതാണ് നല്ലതെന്നും സുരേന്ദ്രൻ പറഞ്ഞു.

വ്യവസായ സൗഹൃദമില്ലാത്ത ബജറ്റിൽ കാർഷിക മേഖലയ്ക്കും ഒന്നുമില്ല. പാവപ്പെട്ടവരുടെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്ന സർക്കാരാണിതെന്ന് ഒരിക്കൽകൂടി തെളിഞ്ഞു. ആന കരിമ്പിൻ കാട്ടിൽ കയറിയ പോലെയാണ് ധനകാര്യമന്ത്രി ബജറ്റ് അവതരിപ്പിച്ചത്. അഞ്ചു ലക്ഷം മുതൽ 15 ലക്ഷം വരെ വിലയുള്ള കാറ് വാങ്ങുന്നവർ രണ്ടു ശതമാനം നികുതി അടയ്ക്കണം. സാധാരണക്കാരന് കാറ് വാങ്ങാൻ 30,000 രൂപ അധികം ചെലവാക്കണം. ആഡംബര കാർ വാങ്ങുന്നവർക്ക് ഒരു ശതമാനം മാത്രമാണ് നികുതി.
ഇത് ബജറ്റല്ല, ജനങ്ങളുടെ മേൽ കാണിക്കുന്ന അക്രമമാണ്. 20 ശതമാനമാണ് ഭൂമിയുടെ ന്യായവില വർധിപ്പിച്ചത്. പാവപ്പെട്ടവർക്ക് ഒരുതുണ്ട് ഭൂമി പോലും വാങ്ങാനാവരുതെന്നാണ് സർക്കാർ നിലപാട്. റിയൽ എസ്റ്റേറ്റ് മാഫിയയെ സഹായിക്കാനാണിത്. 4ന് കൊച്ചിയിൽ നടക്കുന്ന ബിജെപി സംസ്ഥാന സമിതിയോഗത്തിൽ സർക്കാരിന്റെ ജനദ്രോഹ നയത്തിനെതിരെ വലിയ പ്രതിഷേധ പരിപാടികൾ ആസൂത്രണം ചെയ്യും. ഈ ചതിയൻ ബജറ്റിനെതിരെ കേരളം മുഴുവൻ ശക്തമായ പ്രതിഷേധമുണ്ടാകുമെന്ന് സുരേന്ദ്രൻ പറഞ്ഞു

# ആരോഗ്യമേഖലയ്ക്ക് 2828 കോടി,റാബീസ് വാക്സിൻ വികസിപ്പിക്കും; കേരളം ലോകത്തിന്റെ ഹെൽത്ത് ഹബ്ബാകും

**തിരുവനന്തപുരം:** 2023-24 സാമ്പത്തിക വർഷത്തിൽ വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും എന്ന മേഖലയ്ക്ക് ആകെ വിഹിതമായി ബജറ്റിൽ 2828.33 കോടി രൂപ വകയിരുത്തുന്നതായി ധനമന്ത്രി കെ.എൻ ബാലഗോപാൽ. ഇത് മുൻവർഷത്തേക്കാൾ 196.5കോടി രൂപ അധികമാണെന്നും അദ്ദേഹം പറഞ്ഞു. കോവിഡിനുശേഷമുള്ള ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യാനായി അഞ്ചുകോടി രൂപ നീക്കിവെക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികൾക്കും കാൻസർ ചികിത്സയ്ക്കുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 11 കോടി രൂപയും വകയിരുത്തി. സ്റ്റേറ്റ് ഡിജിറ്റൽ ഹെൽത്ത് മിഷൻ വികസിപ്പിച്ചെടുത്ത ഐ.ടി ആപ്ലിക്കേഷൻ ഉപയോഗിച്ച് ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന രാജ്യത്തെ ഏക സാംക്രമികേതര രോഗ പദ്ധതിയായ ശൈലി കൂടുതൽ വിപുലീകരിക്കുന്നതിനും ഇതിനായുള്ള പോർട്ടൽ വികസിപ്പിക്കുന്നതിനുമായി പത്തുകോടി വകയിരുത്തി. സാധാരണമായി കണ്ടുവരുന്ന സാംക്രമികേതര രോഗങ്ങളായ ഹൈപ്പർടെൻഷൻ, ഡയബറ്റിസ്, കാൻസർ തുടങ്ങിയവ സംബന്ധിച്ച് എഴുപതുലക്ഷത്തിലധികം ആളുകളിൽ സർവേയും രോഗനിർണയവും നടത്താൻ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. തലശ്ശേരി ജനറൽ ആശുപത്രി മാറ്റിസ്ഥാപിക്കുന്നതിന് പത്തുകോടിയും ഗോത്ര-തീരദേശ വിദൂരമേഖലകളിലെ ആശുപത്രികളിലെയും ആരോഗ്യ പരിചരണ സ്ഥാപനങ്ങളിലെയും സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 15 കോടിയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കനവ് പദ്ധതിയിൽ 315 അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളുടെ പ്രവർത്തനച്ചെലവുകൾക്കായി 75 കോടിയും കാസർകോട് ടാറ്റാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങളും ചികിത്സ സൗകര്യവും വർധിപ്പിക്കുന്നതിനുള്ള നടപടി ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. വികസിത രാജ്യങ്ങളിൽ ആരോഗ്യപരിചരണത്തിന് ചെലവു കൂടുതലായ സാഹചര്യം കേരളത്തിൽ സാധ്യതയായി പ്രയോജനപ്പെടുത്താൻ കഴിയണമെന്നും മന്ത്രി പറഞ്ഞു. ഇതിനുള്ള കെയർ പോളിസി രൂപീകരിക്കാനും നടപ്പിലാക്കാനും സൗകര്യങ്ങൾ ഒരുക്കാനുമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി മുപ്പതുകോടി രൂപ അനുവദിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ലോകത്തിന്റെ ഹെൽത്ത്കെയർ ക്യാപ്പിറ്റലായി കേരളത്തെ മാറ്റാൻ കഴിയുന്ന മനുഷ്യവിഭവ ശേഷിയും കൂടുതൽ വികസിപ്പിക്കാൻ കഴിയുന്ന ആരോഗ്യശൃംഖലയും കേരളത്തിലുണ്ട്. ചെലവു കുറഞ്ഞ ചികിത്സയ്ക്കും ആരോഗ്യപരിചരണത്തിനുമായി വിദേശികളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ കഴിയും. ആരോഗ്യപരിചരണം, ഹെൽത്ത് ടൂറിസം തുടങ്ങിയ മേഖലകളിലെല്ലാം മെച്ചപ്പെട്ട സേവനം നൽകിക്കൊണ്ട് ഹെൽത്ത് ഹബ്ബായി സംസ്ഥാനത്തെ മാറ്റിയെടുക്കാനുള്ള പ്രവർത്തനം വികസിപ്പിക്കുമെന്നും നിലവിലുള്ള സൗകര്യങ്ങൾ വിപുലീകരിക്കാനും ആധുനികവൽക്കരിക്കാനും കഴിയുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് തദ്ദേശീയമായി ഓറൽ റാബീസ് വാക്സിൻ വികസിപ്പിക്കുന്നതിന് സംരംഭം ആരംഭിക്കുന്നതിന് അഞ്ചുകോടി നീക്കിവെച്ചതായും മന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെയും കേരള വെറ്റിനറി ആൻഡ് ആനിമൽ സയൻസ് സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെയുമാകും വാക്സിൻ വികസിപ്പിക്കുക. ന്യൂബോൺ സ്ക്രീനിങ് പദ്ധതിയുടെ തുടർപ്രവർത്തനത്തിനായി 1.5കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇ-ഹെൽത്ത് പ്രോഗ്രാമിനായി മുപ്പതുകോടി രൂപയും കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിക്ക് 574.5 കോടി വകയിരുത്തിയിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സംസ്ഥാന ആരോഗ്യ ഏജൻസി മുഖേന കുട്ടികൾക്കായുള്ള താലോലം കാൻസർ സുരക്ഷാ പദ്ധതി, കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. കാൻസർ ചികിത്സാ വിഭാഗത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ്സ് സി.ടി സ്കാനർ വാങ്ങുന്നതിന് 15 കോടിയും കോഴിക്കോട് ഇംഹാൻസിന് 3.6കോടി രൂപയും വകയിരുത്തി. ആയുർവേദ,സിദ്ധ,യുനാനി, നാച്ചുറോപ്പതി എന്നീ ചികിത്സാശാഖകൾ ഉൾപ്പെടുന്ന ഭാരതീയ ചികിത്സാ വകുപ്പിന് 49.05 കോടി രൂപ അനുവദിക്കുന്നുവെന്നും മന്ത്രി പറഞ്ഞു. ഇത് മുൻവർഷത്തേക്കാൾ അഞ്ചുകോടി രൂപ അധികമാണ്. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാനങ്ങളുടെ ശാക്തീകരണത്തിനായി 24 കോടി നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃപ്പൂണിത്തുറ,കണ്ണൂർ ആയുർവേദ മെഡിക്കൽ കോളേജുകൾക്ക് 20.15 കോടിയും ഹോമിയോപ്പതി വകുപ്പിന്റെ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് 25.15 കോടിയും വകയിരുത്തിയിട്ടുണ്ട്. നാഷണൽ മിഷൻ ഓൺ ആയുഷ് ഹോമിയോയുടെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വിഹിതമായി അഞ്ചുകോടിയും ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസത്തിന് 8.90 കോടി രൂപയും

# കൊല്ലം കളക്ടറേറ്റിൽ വ്യാജ ബോംബ് ഭീഷണി; ഏഴിടത്ത് സ്ഫോടനം നടക്കുമെന്ന് സന്ദേശം

കൊല്ലം: കൊല്ലം കളക്ടറേറ്റിൽ ബോംബ് ഭീഷണി. വെള്ളിയാഴ്ച ഉച്ചയ്ക്ക് 12. 15നാണ് കത്തുവഴി ഭീഷണി സന്ദേശം എത്തിയത്. ഏഴിടങ്ങളിൽ സ്ഫോടനം നടത്തുമെന്നായിരുന്നു ഭീഷണി. പോലീസും ബോംബ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി. എന്നാൽ പരിശോധനയിൽ അസ്വാഭാവികമായി ഒന്നും കണ്ടെത്തിയില്ല. കൊല്ലം കളക്ടറുടെ പേരിൽ തപാൽമാർഗമാണ് ബോംബ് ഭീഷണിക്കത്ത് എത്തിയത്. കളക്ടറേറ്റിൽ ഏഴിടങ്ങളിൽ ബോംബ് വെച്ചിട്ടുണ്ടെന്നും അവ ഉച്ചയ്ക്ക് 2.20-നും 2.21-നും ഇടയിൽ പൊട്ടിത്തെറിക്കുമെന്നും കത്തിൽ പറഞ്ഞിരുന്നു. തുടർന്ന് പോലീസും ഫയർ ഫോഴ്സും ബോംബ് സ്ക്വാഡും സ്ഥലത്തേക്ക് പാഞ്ഞെത്തി. തുടർന്ന് കളക്ടറേറ്റ് ഉദ്യോഗസ്ഥരെയും അവിടെ വിവിധ ആവശ്യങ്ങൾക്ക് എത്തിച്ചേർന്നിരുന്ന പൊതുജനങ്ങളെയും പുറത്തേക്ക് മാറ്റിയ ശേഷം പരിശോധന ആരംഭിച്ചു. വിശദമായി നടത്തിയ പരിശോധനയിൽ ബോംബോ മറ്റ് അസാധാരണസംഗതികളോ കണ്ടെത്താനായില്ല. മുൻപും സമാനരീതിയിൽ കളക്ടറേറ്റിലേക്ക് കത്തുകൾ എത്തിയിട്ടുണ്ട്. തുടർന്ന് എ.ഡി.എം. യോഗം വിളിക്കുകയും ഇത്തരം കാര്യങ്ങളിൽ ഓഫീസിലുള്ള ആർക്കെങ്കിലും പങ്കുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു. പിന്നീട് കുറച്ചുകാലത്തേക്ക് പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല. കൊല്ലം ഹെഡ് പോസ്റ്റ് ഓഫീസിൽനിന്നാണ് ഈ വ്യാജബോംബ് ഭീഷണി സന്ദേശം രജിസ്റ്റർ ചെയ്ത് അയച്ചിട്ടുള്ളത്. ചന്ദനത്തോപ്പ് സ്വദേശിയായ ഒരാളുടെ പേരാണ് ഇതിലുള്ളത്. ഇയാളെ കണ്ടെത്താൻ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

മുൻപ് കൊല്ലം കളക്ടറേറ്റിൽ ബോംബ് സ്ഫോടനം നടന്നിട്ടുണ്ട്. അതിനാൽ തന്നെ ഇത്തരം സന്ദേശങ്ങൾ ലഭിക്കുന്ന പക്ഷം പോലീസും മറ്റു സംവിധാനങ്ങളും വിശദമായ പരിശോധന നടത്താറുണ്ട്. വ്യാജ ബോംബ് ഭീഷണിയെ തുടർന്ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.15 മുതൽ മൂന്നരവരെ കളക്ടറേറ്റിൽനിന്ന് ജനങ്ങൾക്ക് വിവിധ സേവനങ്ങൾക്ക് മുടങ്ങുകയും ചെയ്തു.

# വാഹനനികുതി കൂട്ടി, സെസ് ഇരട്ടിയാക്കി; ഇലക്ട്രിക് വാഹനങ്ങൾക്ക് വില കുറയും




ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ള ഫോസിൽ ഫ്യുവൽ വാഹനങ്ങളുടെ നികുതി വർധിപ്പിച്ചും ഇലക്ട്രിക് വാഹനങ്ങളുടെ നികുതി കുറച്ചും സംസ്ഥാന ബജറ്റ്. പുതുതായി വാങ്ങുന്ന രണ്ട് ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ നികുതി രണ്ട് ശതമാനം വർധിപ്പിക്കുമെന്നാണ് ധനമന്ത്രി കെ.എൻ. ബാലഗോപാൽ അറിയിച്ചിരിക്കുന്നത്. ഇതുവഴി 92 കോടി രൂപയുടെ അധിക വരുമാനം സർക്കാർ ഖജനാവിൽ എത്തുമെന്നാണ് വിലയിരുത്തലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇരുചക്ര വാഹനങ്ങൾക്ക് പുറമെ, പുതുതായി വാങ്ങുന്ന കാറുകളുടെയും സ്വകാര്യ ആവശ്യത്തിനായി വാങ്ങുന്ന മറ്റ് വാഹനങ്ങളുടെയും നികുതിയിലും വർധനവ് വരുത്തിയിട്ടുണ്ട്. അഞ്ച് ലക്ഷം രൂപ വരെ വിലയുള്ള കാറുകളുടെ നികുതിയിൽ ഒരു ശതമാനവും അഞ്ച് ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെ വിലയുള്ളവയുടെ നികുതിയിൽ രണ്ട് ശതമാനവും 15 ലക്ഷം മുതൽ 30 ലക്ഷം രൂപ വരെ വിലയുള്ളവയ്ക്ക് ഒരു ശതമാനവും നികുതി വർധനവാണ് വരുത്തുന്നത്. ഇതുവഴി 340 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്. അതേസമയം, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പ്രഖ്യാപനമാണ് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ഇലക്ട്രിക് മോട്ടോർ ക്യാബ്, ഇലക്ട്രിക് മോട്ടോർ ക്യാബ് എന്നിവയ്ക്ക് വാഹന വിലയുടെ ആറ് മുതൽ 20 ശതമാനം വരെയാണ് ഒറ്റത്തവണ നികുതിയായി ഈടാക്കുന്നത്. എന്നാൽ, ഇത്തരം വാഹനങ്ങളുടെ നികുതി സ്വകാര്യ ഇലക്ട്രിക് വാഹനങ്ങൾക്ക് സമാനമായ വാഹന വിലയുടെ അഞ്ച് ശതമാനമായി കുറച്ചിട്ടുണ്ട്. 15 വർഷത്തേക്ക് ഒറ്റത്തവണ നികുതി അടയ്ക്കുന്ന വാഹനങ്ങളുടെ നികുതി നിരക്ക് അഞ്ച് ശതമാനമായി കുറച്ചതിനാൽ ആദ്യ അഞ്ച് വർഷത്തേക്ക് നൽകുന്ന 50 ശതമാനം നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്. കടുത്ത പ്രതിസന്ധി അനുഭവിക്കുന്ന കോൺടാക്ട് ക്യാരേജ്, സ്റ്റേജ് ക്യാരേജ് വാഹനങ്ങളുടെ നികുതിയിൽ പത്ത് ശതമാനത്തിന്റെ കുറവ് വരുത്തുന്നതായി ധനമന്ത്രി അറിയിച്ചു. ഇതുവഴി 28 കോടി രൂപയുടെ വരുമാന നഷ്ടം സർക്കാരിന് ഉണ്ടാകുമെന്നാണ് വിലയിരുത്തൽ. അതേസമയം, പൊതുഗതാഗതം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് സർക്കാരിന്റെ ഈ തീരുമാനമെന്നാണ് ധനമന്ത്രി അറിയിക്കുന്നത്.



# ബജറ്റിൽ പ്രതിഷേധം: യൂത്ത് കോൺഗ്രസ്, യുവമോർച്ച പ്രവർത്തകർ സെക്രട്ടറിയേറ്റ് മാർച്ച് നടത്തി

**തിരുവനന്തപുരം:** സംസ്ഥാന ബജറ്റിനെതിരേ പ്രതിഷേധിച്ച് സെക്രട്ടറിയേറ്റിലേക്ക് യൂത്ത് കോൺഗ്രസ്, യുവമോർച്ച മാർച്ച്. പ്രവർത്തകർ ബജറ്റ് കത്തിച്ച് പ്രതിഷേധിച്ചു. യുവമോർച്ച പ്രവർത്തകർക്കു നേരെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു. ഒരു യുവമോർച്ച പ്രവർത്തകന് പരിക്കേറ്റു. റോഡ് ഉപരോധിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി.

# അമേരിക്കയുടെ തന്ത്ര പ്രധാന മേഖലയിൽ ചൈനയുടെ ചാര ബലൂൺ; നിഷേധിച്ച്ചൈന



**വാഷിംഗ്ടൺ**: ചൈനയുടെ ചാര ബലൂൺ യു എസിന്റെ വ്യോമാതിർത്തിക്കുള്ളിൽ കണ്ടെത്തിയതായി റിപ്പോർട്ട്. ബലൂൺ വെടിവച്ചിടാൻ തീരുമാനിച്ചെങ്കിലും, വെടിവച്ചിടുമ്ബോൾ ഭൂമിയിൽ പതിക്കുന്ന ബലൂൺ ജീവനാശത്തിനിടവരുത്തുമെന്ന സംശയം നിലനിൽക്കുന്നതിനാൽ അത് ഒഴിവാക്കി. ഈ ബലൂണിന്റെ ഉദ്ദേശ്യം എന്താണെന്നത് നിരീക്ഷിച്ചു കൊണ്ടിരിക്കുകയാണെന്ന് അധികൃതർ വ്യക്തമാക്കി. ഏതാനും ദിവസങ്ങളായി യുഎസിന്റെ വടക്കൻ മേഖലയ്ക്കു മുകളിൽ ദുരൂഹസാഹചര്യത്തിൽ നീങ്ങുന്ന ചൈനീസ് ചാര ബലൂൺ നിരീക്ഷണത്തിലാണെന്ന് പെന്റഗൺ വക്താവ് ബ്രിഗേഡിയർ ജനറൽ പാട്രിക് റൈഡർ വ്യക്തമാക്കി. നിലവിൽ ഈ ചാര ബലൂൺ നിയന്ത്രിത വ്യോമ മേഖലയ്ക്ക് പുറത്തായതിനാൽ ജനങ്ങൾക്ക് ഭീഷണി ഇല്ലെന്നും അദ്ദേഹം അറിയിച്ചു. എന്നാൽ ഈ മേഖലയിലാണ് യു എസിന്റെ വ്യോമതാവളങ്ങളും തന്ത്ര പ്രധാനമായ ആണവ മിസൈലുകളും ഉള്ളത്. ചാര ബലൂൺ കണ്ടെത്തിയെന്ന യു എസിന്റെ അവകാശവാദത്തിൽ അന്വേഷണം ആരംഭിച്ചതായി ചൈന അറിയിച്ചു. ചൈന അന്താരാഷ്ട്ര നിയമങ്ങൾ കൃത്യമായി പാലിക്കുന്ന രാജ്യമാണ്. ഒരു പരമാധികാര രാജ്യത്തിന്റെ വ്യോമ മേഖലയിൽ അതിക്രമിച്ച് കയറാൻ ഉദ്ദേശ്യമില്ലെന്നും ചൈനയുടെ വിദേശ കാര്യമന്ത്രാലയ വക്താവ് വ്യക്തമാക്കി.

# സംസ്ഥാന ബജറ്റ്: അങ്കമാലിയോട് അവഗണനയെന്ന് എം.എൽ.എ



അങ്കമാലി നഗരസഭയിലെ കിഴക്കേപ്പള്ളി-വാപ്പാലശ്ശേരി റോഡിനും, കല്ലുപാലം, പറക്കുളം റോഡുകളുടെ നവീകരണത്തിനുമായി 3.5 കോടി രൂപയും, അങ്കമാലി-മഞ്ഞപ്ര റോഡിൽ കാനയും സ്ലാബിൻറേയും നിർമ്മാണത്തിനായി 1.5 കോടി രൂപയും സംസ്ഥാന ബജറ്റിൽ വകയിരുത്തിയതായി റോജി എം. ജോൺ എം.എൽ.എ അറിയിച്ചു. ഇതോടൊപ്പം ഇടമലയാർ ജലസേചന പദ്ധതിക്ക് 10 കോടി രൂപയും അനുവദിച്ചത് ഒഴിച്ചാൽ അങ്കമാലി മണ്ഡലത്തോട് എൽ.ഡി.എഫ് സർക്കാർ തികഞ്ഞ അവഗണനയാണ് കാട്ടിയതെന്ന് എം.എൽ.എ പറഞ്ഞു. അങ്കമാലി നഗരസഭയിലെ വളരെയധികം ഗതാഗത തിരക്കുള്ള കിഴക്കേപ്പള്ളി-വാപ്പാലശ്ശേരി റോഡും, കല്ലുപാലം റോഡും, ബി.എം.ബി.സി നിലവാരത്തിൽ നിർമ്മിക്കുവാനും മഴക്കാലത്ത് വെള്ളപ്പെക്കമുണ്ടായി ഗതാഗത യോഗ്യഗമല്ലാതാവുന്ന പറക്കുളം റോഡിൻറെ പുനരുദ്ധാരണത്തിനുമായാണ് 3.5 കോടി വിനിയോഗിക്കുക. അങ്കമാലി-മഞ്ഞപ്ര റോഡിൻറെ നിർമ്മാണം പൂർത്തിയായിരുന്നെങ്കിലും കാനയുടെ നിർമ്മാണം പൂർത്തിയായിരുന്നില്ല. റോജി എം. ജോൺ എം.എൽ.എ ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ ബജറ്റ് നിർദ്ദേശം പരിഗണിച്ചാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ സംസ്ഥാന ബജറ്റിൽ അങ്കമാലി നിയോജകമണ്ഡലത്തിനെ അവഗണിക്കുന്ന സമീപനമാണ് സർക്കാർ പൊതുവിൽ സ്വീകരിച്ചതെന്ന് എം.എൽ.എ പറഞ്ഞു. വിവിധ റോഡുകളുടെ നവീകരണത്തിനും, ജലസേചന പദ്ധതികൾക്കും, ജലാശയങ്ങളുടെ നവീകരണത്തിനും, തുറവൂർ ഗവ. ഐ.ടി. ഐ, സ്കൂളുകൾ, കളിസ്ഥലങ്ങൾ, മിനി സിവിൽ സ്റ്റേഷനുകൾ. പാലങ്ങൾ, കുടിവെള്ള പദ്ധതികൾ, ടൂറിസം പദ്ധതികൾ, മലയാറ്റൂർ-അയ്യമ്പുഴ പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിനുള്ള ട്രഞ്ചും, ഫെൻസിങ്ങും നിർമ്മിക്കൽ, ചമ്പന്നൂർ റെയിൽവേ മേൽപ്പാലം ഉൾപ്പെടെ 175.50 കോടി രൂപയുടെ 20 പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നൽകിയിരുന്നെങ്കിലും എല്ലാം അവഗണിക്കപ്പെടുകയായിരുന്നു. ജനങ്ങളുടെ മേൽ വലിയ നികുതി ഭാരം അടിച്ചേൽപ്പിച്ച ബജറ്റ് മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കാത്തത് തീർത്തും അംഗീകരിക്കാനാവാത്തതും അങ്കമാലി മണ്ഡലത്തിനോടുള്ള അവഗണനയുമാണെന്ന് എം.എൽ.എ കൂട്ടിച്ചേർത്തു. ഇതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളായ ബാംബു കോർപ്പറേഷൻ, ടെൽക്ക്, പ്ലാൻറേഷൻ കോർപ്പറേഷൻ എന്നിവയെയും സംസ്ഥാന ബജറ്റിൽ അവഗണിച്ചതായി റോജി എം. ജോൺ എം.എൽ.എ പറഞ്ഞു.

# സ്വയംപര്യാപ്തത, ടൂറിസം, പ്രവാസിക്ഷേമം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സംസ്ഥാന ബജറ്റ് കാണുന്നത് പ്രോത്സാഹജനകം: അദീബ് അഹമ്മദ്

കേന്ദ്ര ബജറ്റ് അവതരിപ്പിച്ച് രണ്ട് ദിവസത്തിന് ശേഷം കേരള ധനമന്ത്രി കെ.എൻ ബാലഗോപാൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റ് യുവ സംരംഭകൻ എന്ന നിലയിൽ തങ്ങൾക്ക് ലഭിക്കുന്ന പ്രോത്സാഹനമാണെന്ന് ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സിലെയും, ട്വന്റി 14 ഹോൾഡിംഗ്സിലെയും ചെയർമാൻ അദീബ് അഹമ്മദ്.അടിസ്ഥാന സൗകര്യ വികസനത്തിനും സ്വയം പര്യാപ്തതയ്ക്കും ഊന്നൽ നൽകി വരുന്ന സംസ്ഥാന ബജറ്റിൽനവീകരണത്തിനും സംരംഭകത്വത്തിനും പ്രോത്സാഹനമായി മേക്ക് ഇൻ കേരള സംരംഭത്തെ വിശേഷിപ്പിച്ചത് ഒരു ഉത്പാദക സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ കരുത്തിന്റെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്താൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. “നമ്മുടെ ചെറുകിട, വൻകിട വ്യവസായങ്ങളുടെ ശക്തമായ അടിത്തറയുമായി വിപണി ഗവേഷണം സംയോജിപ്പിക്കുന്ന ഒരു ആവാസ വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിലൂടെ, കൃഷി, ഉൽപ്പാദനം, ഐടി സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ നമുക്ക് ഒരു മികച്ച കയറ്റുമതിക്കാരനാകാനും ഇതിലൂടെ കേരളത്തിന്റെ വ്യാപാര കമ്മി കുറയ്ക്കാനും സാധിക്കുമെന്നും അദീബ് അഭിപ്രായപ്പെട്ടു. സാമ്പത്തിക സേവനങ്ങളിലും ഹോസ്പിറ്റാലിറ്റി മേഖലയിലും ഉള്ള കമ്പനികൾക്ക് നേതൃത്വം നൽകുന്ന അദീബ്, 2023-ൽ ഈ പ്രധാന മേഖലകളിൽ നിക്ഷേപം നടത്താനുള്ള താൽപര്യവും അറിയിച്ചു. അവാർഡ് നേടിയ കൊച്ചിയിലെ പോർട്ട് മുസിരിസ് ഹോട്ടൽ ഉൾപ്പെടെ ലോകമെമ്പാടുമുള്ള നിരവധി ആഡംബര ഹോട്ടലുകളും അദ്ദേഹത്തിനുണ്ട്. വിനോദസഞ്ചാര മേഖലയെ കൂടുതൽ നവീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. “യാത്ര പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾ ഇരട്ടിപ്പിക്കുന്നത് കാണുന്നതും പ്രോത്സാഹജനകമാണ്. ’വർക്ക് ഫ്രം ഹോളിഡേ ഹോം’, അനുഭവവേദ്യമായ ടൂറിസത്തിനായി ടൂറിസം ഇടനാഴികൾ തുടങ്ങിയ സംയോജിത പദ്ധതികൾ വികസിപ്പിക്കുന്നതിന് തുക നീക്കിവെക്കുന്നതിലൂടെ, 2023-ലും അതിനുശേഷവും സംസ്ഥാനത്തിന്റെ പ്രധാന കേന്ദ്രമായി ടൂറിസം തുടരുമെന്ന് സംസ്ഥാന ബജറ്റിൽ അതിന് മികച്ച പങ്കാളിത്തം ലഭിക്കുമെന്നും അദ്ദേഹം സൂചിപ്പിച്ചു.നിരവധി എയർസ്ട്രിപ്പുകൾ നിർമ്മിക്കാനും റോഡ് മെച്ചപ്പെടുത്താനുമുള്ള കഴിഞ്ഞ വർഷത്തെ നിർദ്ദേശം തുടരുന്നതും മികച്ച അടിസ്ഥാന സൗകര്യം ലഭിക്കാൻ സഹായകമാകും.പ്രവാസി ക്ഷേമത്തിന് എല്ലായ്പോഴും ലഭിക്കുന്ന പിൻതുണ പോലെ തന്നെ ഇപ്പോഴും ലഭിച്ചതിൽ പ്രവാസി സംരംഭകനെന്ന സന്തോഷവും അദ്ദേഹം

Mr. Adeeb Ahamed ( Managing Director, Lulu Financial Holdings)



# ബിനാലെ ‘സോയിൽ അസംബ്ലി’ : പ്രഖ്യാപനം നാളെ; ചലച്ചിത്ര പ്രദർശനം ഇന്ന് മുതൽ

**കൊച്ചി:** ബിനാലെയോടനുബന്ധിച്ച് നടക്കുന്ന അഞ്ചുദിവസത്തെ സോയിൽ അസംബ്ലി നാളെ (ഫെബ്രുവരി അഞ്ച്) സമാപിക്കും. മണ്ണിന്റെയും പരിസ്ഥിതിയുടെയും അതിജീവനത്തിന് കൂട്ടായ യത്നം സാധ്യമാക്കാൻ ലക്ഷ്യമിട്ട് സംഘടിപ്പിച്ച അസംബ്ലിയുടെ തുടർ കർമ്മ പദ്ധതികൾ സംബന്ധിച്ച സുപ്രധാന പ്രഖ്യാപനം ഫോർട്ടുകൊച്ചി പെപ്പർ ഹൗസിൽ വൈകിട്ട് അഞ്ചിന് നടക്കുന്ന സമാപന ചടങ്ങിൽ ഉണ്ടാകും.ദൃശ്യമാധ്യമ പഠനം, പരിസ്ഥിതി, ഫിലോസഫി തുടങ്ങിയ മേഖലകളിൽ പണ്ഡിതയായ ഡോ വാസന്തി മരിയദാസ് ക്യൂറേറ്റ് ചെയ്ത ചലച്ചിത്രങ്ങൾ അസംബ്ലിയുടെ ഭാഗമായി ഇന്ന് (ഫെബ്രുവരി നാല്) വൈകിട്ട് ആറുമുതൽ പെപ്പർ ഹൗസിൽ പ്രദർശിപ്പിക്കും. തുടർന്ന് മൾട്ടിമീഡിയ ആർട്ടിസ്റ്റ് വിവേക് വിലാസിനി, ഫ്രഞ്ച് ആർട്ടിസ്റ്റും എഴുത്തുകാരനും ജേർണലിസ്റ്റുമായ എവൻ ചാഡ്റോണറ്റ്, സ്വിസ് ആർട്ടിസ്റ്റ് മായ മിൻഡർ എന്നിവർ പങ്കെടുക്കുന്ന ചർച്ച.നാളെ അസംബ്ലിയുടെ സമാപന ചടങ്ങിനെത്തുടർന്ന് മാരിയോൺ ന്യൂമന്നിന്റെ ഫിലിം ’ദി മഷ്റൂം സ്പീക്സ്’ പ്രദർശിപ്പിക്കും. കുമിളിന്റെ രോഗശമന, പുനരുജ്ജീവന ശേഷി സംബന്ധിച്ച അന്വേഷണമാണ് ഫിലിമിന്റെ പ്രമേയം. വെസ്റ്റ്മിൻസ്റ്റർ സർവ്വകലാശാല സെന്റർ ഫോർ റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ ഇൻ ആർട്ട്സ് ആൻഡ് മീഡിയയിലെ ആർട്ടിസ്റ്റുകളുടെയും ഗവേഷകരുടെയും കൂട്ടായ്മയായ ഇക്കോളജിക്കൽ ഫ്യൂച്ചറിസംസ് സംഘടിപ്പിച്ച അവതരണങ്ങളിലും പാനൽ ചർച്ചയിലും സെഡ്രിക് കാറൽസ്, ഡോ റുസ്തം വാനിയ, ഡോ വാസന്തി മരിയദാസ്, പ്രൊഫ. നീൽ വൈറ്റ് ടിന ഒക്കോണൽ, ഊറിയേൽ ഓർലോ എന്നിവർ പങ്കെടുത്തു. സോയിൽ ഇക്കോളജീസ് സെഷനിൽ എലിസബെറ്റ റാറ്റാലിനോ, ആൻ ലോറെ ഫ്രാഞ്ചെറ്റെ, ധർമ്മേന്ദ്ര പ്രസാദ്, മൾട്ടെ ലാർസെൻ, മായ മിൻഡർ എന്നിവർ സംസാരിച്ചു. ലിവിംഗ് സ്കൾപ്ച്ചർ ശിൽപശാലയ്ക്ക് ആസ്ത ചൗഹാൻ, കുശ് സേഥി എന്നിവരും കലയും ഭക്ഷണവും കൃഷിയും ശിൽപശാലയ്ക്ക് സുരേഷ്കുമാർ സമൂഹയും നേതൃത്വം നൽകി. പാനൽ ചർച്ചയിൽ ജോർജ് ക്ലർക്ക്, രവി അഗർവാൾ, ഇസ്മാൽ മുംതാഹാ, അസീസാ ഹാമേൽ, ഗബ്രിയേൽ എൻ ഗീ,ഡോറോബ് ലാ ഫ്രനൈസ്, മാർഗോക്സ് ഷാബ് എന്നിവർ പങ്കെടുത്തു.

## ബജറ്റ് സംസ്ഥാനത്ത് വലിയ വിലക്കയറ്റത്തിനിടയാക്കുമെന്ന് രാജു അപ്സര

**കൊച്ചി:** സംസ്ഥാന ധനമന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ച 2023-24 വർഷത്തെ ബജറ്റ്, വ്യാപാരികളെ സംബന്ധിച്ചിടത്തോളം, തികച്ചും നിരാശാജനകവും പ്രതിഷേധാർഹവുമാണ്.വ്യാപാരി സമൂഹത്തിനെ സഹായിക്കുന്ന യാതൊരു നിർദ്ദേശവും ബജറ്റിൽ ഉൾകൊള്ളിച്ചിട്ടില്ല എന്ന് മാത്രമല്ല വ്യാപാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന പല പ്രഖ്യാപനങ്ങളും ബജറ്റിൽ ധനമന്ത്രി നടത്തിയിട്ടുണ്ട്.വാറ്റ് നികുതി, കേരള ഫ്ളഡ് സെസ്സ് മുതലായവയിലെ കുടിശ്ശികയുള്ള അസ്സസ്സ്മെന്റുകൾക്ക് ആംനെസ്റ്റി സ്കീം പ്രഖ്യാപിക്കാത്തത്, ചെറുകിട-ഇടത്തരം വ്യാപാരികളെ വളരെ ദോഷകരമായി ബാധിക്കും.കൂടാതെ, പെട്രോളിനും, ഡീസലിനും 2 രൂപ വിതം സർച്ചാർജ്ജ് ഏർപ്പെടുത്തിയിരിക്കുകയാണ് കോവിഡും പ്രളയവും കഴിഞ്ഞ് ഉയർത്തെഴുനേറ്റുവരുന്ന വ്യാപാര മേഖലക്ക് തിരിച്ചടിയാണ് പെട്രോൾ ഡീസൽ വിലവർദ്ധനവ് . വ്യാപാര സ്ഥാപനങ്ങളുടെ ചരക്ക് കടത്തിനത്തിൽ ചിലവ് വർദ്ധിപ്പിക്കുകയും,അത് സാധനങ്ങളുടെ വിലക്കയറ്റത്തിനിടയാക്കുകയും ചെയ്യും.മുൻപ് വ്യാപാരിക്ഷേമ പെൻഷൻ 1600 രൂപയായിരുന്നു എന്നാൽ അത് കഴിഞ്ഞ വർഷം 1300 രൂപായായി കുറക്കുകയാണ് ഉണ്ടായത് ഇത് പുനസ്ഥാപിക്കാൻ പോലും തയ്യാറാകാത്തത് വ്യാപാരി സമൂഹത്തോടുള്ള കടുത്ത അവഗണന ആണ് വ്യെക്തമാകുന്നത്.അതോടൊപ്പം വാണിജ്യ വ്യെവസായ മേഖലയിൽ 5 % വൈദ്യതി തീരുവയാണ് ബജറ്റിൽ വർധിപ്പിച്ചിരിക്കുന്നത് ഇത് ചെറുകിട ഇടത്തരം കച്ചവടക്കാർ മുതൽ വാണിജ്യ വ്യവസായ മേഖലക്കും അധികഭാരം അടിച്ചേൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. അതോടൊപ്പം തന്നെ കെട്ടിടനികുതിയും വർധിപ്പിച്ചിരിക്കുകയാണ് മൊത്തത്തിൽ വ്യാപാരികളെ ദ്രോഹിക്കുന്ന ബജറ്റ് ആണ് ഇന്ന് ധനമന്ത്രി അവതരിപ്പിച്ച ബജറ്റ്.

# റോട്ടറി ആഗോള തലവൻ കേരളത്തിൽ

## സ്ത്രീകൾക്കും, പെൺകുട്ടികൾക്കും വേണ്ടിയുള്ള പദ്ധതികൾക്ക് തുടക്കം കുറിക്കും

**തിരുവനന്തപുരം :** സാമൂഹിക സേവന രംഗത്ത് ലോകത്തിന് മാതൃകയായ റോട്ടറി ഇന്റർനാഷണലിന്റെ വേൾഡ് ട്രസ്റ്റ് ചെയർമാൻ ഓസ്ട്രേലിക്കാരനായ ഇയാൻ എച്ച് എസ് റൈസിലി 4 ന് ( ശനിയാഴ്ച ) കേരളത്തിൽ എത്തും. 200ൽ പരം രാജ്യങ്ങളുടെ ചുമതലയുള്ള അദ്ദേഹം ആദ്യമായാണ് കേരളത്തിൽ എത്തുന്നത്.തലസ്ഥാനത്ത് എത്തുന്ന അദ്ദേഹത്തെ കേരളം , തമിഴ്നാട്, ശ്രീലങ്ക, മാലിദ്വീപ് ഉൾപ്പെടുന്ന 11 റോട്ടറി ഡിസ്ട്രിറ്റുകളിൽ നിന്നുള്ള ചെയർമാൻമാരുടെ നേതൃത്വത്തിൽ സ്വീകരിക്കും. തുടർന്ന് കേരളത്തിൽ റോട്ടറി ഇന്റർനാഷണൽ നടത്തി വന്ന ലോകോത്തര പ്രവർത്തനങ്ങൾ വിലയിരുത്തുകയും, റോട്ടറി ഇന്റർനാഷണൽ തിരുവനന്തപുരം ഘടകം നടപ്പാക്കുന്ന സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് എൻപവൻ ഇൻ ദി ഗേൾ ചൈൽഡ് എന്ന പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന 1000 സൈക്കുകളും വിതരണം ഉദ്ഘാടനവും,റൈറ്റ് ദി ഫ്യൂച്ചർ എന്ന പേരിൽ സ്ത്രീ ശാക്തീകരണത്തിന് വേണ്ടി നടപ്പാക്കുന്ന പ്രതീക്ഷയുടെ കിരണം എന്ന പദ്ധതിയുടെ ഭാഗമായി 1000 തയ്യൽ മിഷൻ നൽകുന്ന പദ്ധതിയുടേയും തുടക്കം കുറിക്കും.വൈകിട്ട് 5 മണിക്ക് കഴക്കൂട്ടം അൽസാജ് കൺവെക്ഷൻ സെന്ററിൽ വെച്ച് നടക്കുന്ന പരിപാടി മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. ഓസ്ട്രേലിയൻ സർക്കാരിന്റെ ഫിനാൻസ് അഡ്വൈസറാണ് ഇയാൻ എച്ച് എസ് റൈസിലി, ഓസ്ട്രേലിയൻ സർക്കാരിന്റെ പരമോന്നത ബഹുമതി ഉൾപ്പെടെ കരസ്ഥമാക്കിയ ഇദ്ദേഹം , ഓർഗാനിക് കൃഷി പ്രോത്സാഹിക്കുന്ന വ്യക്തിയും സസ്യാഹാരിയുമാണ്. പ്രത്യേക അതിഥിയാണ് അദ്ദേഹത്തെ കേരള സർക്കാർ സ്വാഗതം ചെയ്യുന്നതെന്നും സംഘാടക സമിതി ചെയർമാനും റീജണൽ ഫൗണ്ടേഷൻ കോ- ഓർഡിനേറ്ററുമായ ഡോ. ജോൺ ഡാനിയൽ അറിയിച്ചു.



# ഉത്തം ജീവൻ രക്ഷപതക് ജേതാവിനെ ആദരിച്ചു

**ആലപ്പുഴ:** രാഷ്ട്രപതിയുടെ ഉത്തം ജീവൻ രക്ഷപതക് നേടിയ അതുൽ ബിനീഷിന് ആദരം. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസിന്റെയും ആലപ്പുഴ ബീച്ച് ക്ളബിന്റെയും നേതൃത്വത്തിൽ ആലപ്പുഴ കലക്ട്രേറ്റിൽ വെച്ച് നടന്ന ചടങ്ങിൽ ആലപ്പുഴ ജില്ല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്.സന്തോഷ് കുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗം ജലജ ചന്ദ്രൻ ഉപഹാരം നൽകി. വെള്ളത്തിൽ മുങ്ങി താഴ്ന്ന സഹോദരന്റെയും മറ്റ് രണ്ട് പേരുടെയും ജീവൻ രക്ഷിച്ചതിനാണ് കൈനടി എ.ജെ. ജോൺ സ്കൂളിലെ ഏട്ടാം ക്ലാസ് വിദ്യാത്ഥി അതുൽ പുരസ്കാരത്തിന് അർഹനായത്. 2021 നവമ്പർ 25 നായിരുന്നു സംഭവം. ജില്ല ഒളിമ്പിക്ക് അസോസിയേഷൻ പ്രസിഡന്റ് വി.ജി.വിഷ്ണു, ജില്ല ചൈൾഡ് പ്രൊട്ടക്ഷൻ ഓഫീസർ ടി.വി. മിനിമോൾ, എച്ച്.എസ്. രമ്യ നമ്പൂതിരി, കെ.നാസർ, രാജേഷ് രാജഗിരി, ഒ.വി. പ്രവീൺ തുടങ്ങിവർ സംസാരിച്ചു.

## ഇൽഹാൻ ഒമറിനെ ഫോറിൻ അഫയേഴ്സ് കമ്മിറ്റിയിൽ നിന്ന് നീക്കം ചെയ്യാൻ ഹൗസ് വോട്ട് ചെയ്തു

*പി പി ചെറിയാൻ*

**വാഷിംഗ്ടൺ:**ഇസ്രായേലിനെക്കുറിച്ചുള്ള മുൻ വിവാദ പരാമർശങ്ങളുടെ പേരിൽ പ്രതിനിധി ഇൽഹാൻ ഒമറിനെ ഹൗസ് ഫോറിൻ അഫയേഴ്സ് കമ്മിറ്റിയിലെ സീറ്റിൽ നിന്ന് നീക്കം ചെയ്യാൻ ഹൗസ് വ്യാഴാഴ്ച വോട്ട് ചെയ്തു.പാനലിൽ നിന്ന് ഒമറിനെ നീക്കം ചെയ്യാനുള്ള പ്രമേയത്തിനു അനുകൂലമായി 218 വോട്ട് ലഭിച്ചപ്പോൾ എതിർത്ത് 211 പേര് വോട്ട് ചെയ്തു.ഒമറിനെ നീക്കം ചെയ്യാനുള്ള പ്രമേയം, 2019-ലും 2021-ലും അവർ നടത്തിയ ട്വീറ്റുകളും അഭിപ്രായങ്ങളും ഉദ്ധരിച്ചു, അതിൽ ഇസ്രായേൽ അനുകൂല രാഷ്ട്രീയക്കാരെ ‘എല്ലാം ബെഞ്ചമിൻമാരെക്കുറിച്ചാണ്‘ എന്ന വിമർശനം ഉൾപ്പെടെ, യുഎസിനെയും ഇസ്രായേലിനെയും ഹമാസിനോടും താലിബാനോടും താരതമ്യപ്പെടുത്തി. അഭിപ്രായങ്ങൾ സഹ ഡെമോക്രാറ്റുകളിൽ നിന്നും റിപ്പബ്ലിക്കൻമാരിൽ നിന്നും വിമർശനത്തിന് ഇടയാക്കി.അന്താരാഷ്ട്ര പ്രാധാന്യവും ദേശീയ സുരക്ഷയും സംബന്ധിച്ച വിഷയങ്ങളിൽ കോൺഗ്രസിന് വേണ്ടി സംസാരിക്കുന്നതായി ലോകമെമ്പാടുമുള്ള രാജ്യങ്ങളിലെ അംഗങ്ങളായുള്ള വിദേശകാര്യ സമിതിയിൽ പ്രവർത്തിക്കുന്നതിൽ നിന്ന് പ്രതിനിധി ഒമർ സ്വയം അയോഗ്യനാക്കി, ഒമറിന്റെ അഭിപ്രായങ്ങൾ ‘ജനപ്രതിനിധി സഭയ്ക്ക് മാനക്കേടുണ്ടാക്കി‘ പ്രമേയം കൂട്ടിച്ചേർത്തു2021 മുതൽ ഒമറിനും മറ്റ് ഡെമോക്രാറ്റുകൾക്കും എതിരെ നടപടിയെടുക്കുമെന്ന് റിപ്പബ്ലിക്കൻമാർ പ്രതിജ്ഞയെടുത്തു. കഴിഞ്ഞ മാസം സ്പീക്കറായതിന് ശേഷം മക്കാർത്തി രണ്ട് അംഗങ്ങളേയും കമ്മിറ്റി സ്ഥാനങ്ങളിലേക്ക് പുനഃസ്ഥാപിച്ചു. ഡെമോക്രാറ്റുകൾ ഈ നീക്കത്തെ രാഷ്ട്രീയ പ്രേരിതമെന്ന് അപലപിക്കുകയും, തന്റെ ജീവചരിത്രത്തിന്റെ വലിയൊരു ഭാഗം കെട്ടിച്ചമച്ചതാണെന്ന് സാന്റോസ് സമ്മതിച്ചിട്ടും റിപ്പബ്ലിക്കൻ പ്രതിനിധി ജോർജ്ജ് സാന്റോസിനെ രണ്ട് കമ്മിറ്റികളിൽ ഉൾപ്പെടുത്താനുള്ള മക്കാർത്തിയുടെ തീരുമാനത്തെ ചൂണ്ടിക്കാണിക്കുകയും ചെയ്തു. തൽക്കാലം കമ്മിറ്റികളിൽ പ്രവർത്തിക്കില്ലെന്ന് സാന്റോസ് ഈ ആഴ്ച തന്റെ സഹപ്രവർത്തകരോട് പറഞ്ഞു.നിരവധി റിപ്പബ്ലിക്കൻ അംഗങ്ങൾ ഒമർ പ്രമേയത്തെ കുറിച്ച് ഉചിതമായ നടപടിക്രമങ്ങൾ ഉന്നയിച്ചിരുന്നുവെങ്കിലും കമ്മിറ്റികളിൽ നിന്ന് നീക്കം ചെയ്തവർക്കായി ഒരു അപ്പീൽ വ്യവസ്ഥ ചേർത്തതിന് ശേഷം ആത്യന്തികമായി അതിനെ പിന്തുണച്ചു. അവസാനം പ്രമേയത്തിന് വോട്ട് ചെയ്ത സംവരണമുള്ളവരിൽ ഒരാളായ സൗത്ത് കരോലിനയിലെ റിപ്പബ്ലിക്കൻ പ്രതിനിധി നാൻസി മേസ് പറഞ്ഞു, അനന്തമായ ശീർഷകം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ നീക്കം ചെയ്യുന്നതിനുള്ള പ്രക്രിയ പരിഷ്കരിക്കുന്നതിന് ഡെമോക്രാറ്റുകളുമായി പ്രവർത്തിക്കുന്നതിന് പിന്തുണ നൽകുന്നതിന് മക്കാർത്തിയിൽ നിന്ന് ഉറപ്പു നേടിയതായി പറഞ്ഞു.“അങ്ങോട്ടും ഇങ്ങോട്ടും പോകാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലെന്ന് എല്ലാവരും ഇരുവശത്തും തിരിച്ചറിയുന്നു,” മേസ് ക്യാപിറ്റോൾ ഹില്ലിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ‘അതിനാൽ ഇത് സ്റ്റാൻഡേർഡ് ആയിരിക്കുകയാണെങ്കിൽ, നമുക്ക് ഒരുമിച്ച് സ്റ്റാൻഡേർഡ് സൃഷ്ടിച്ച് മുന്നോട്ട് പോകാം, യഥാർത്ഥത്തിൽ ഒരു പ്രക്രിയ നടത്താം, കാരണം ഞങ്ങൾക്ക് സെൻസർഷിപ്പിനായി ഒരു പ്രക്രിയയുണ്ട്, കോൺഗ്രസിൽ നിന്ന് ഒരു അംഗത്തെ പുറത്താക്കുന്നതിനുള്ള ഒരു പ്രക്രിയയുണ്ട്, പക്ഷേ ഞങ്ങൾക്ക് ഒരു പ്രക്രിയയില്ല. നിങ്ങളുടെ കമ്മിറ്റികളിൽ നിന്ന് ഒരു അംഗത്തെ നീക്കം ചെയ്യുന്നതിനുള്ള നിയമങ്ങളിലോ എത്തിക്സ് കമ്മിറ്റിയിലോ പ്രോസസ്സ് ചെയ്യുക.‘ഒമറിന് പ്രവർത്തിക്കാൻ കഴിയുന്ന ‘നിരവധി കമ്മിറ്റികൾ‘ ഉണ്ടെന്ന് സ്പീക്കർ ബുധനാഴ്ച പറഞ്ഞു, എന്നാൽ വിദേശകാര്യ സമിതി, അതിന്റെ പ്രവർത്തനത്തിന്റെ സംവേദനക്ഷമത കണക്കിലെടുക്കുമ്പോൾ, അവയിലൊന്നല്ല.ഒമറിന് കമ്മിറ്റികൾ ഉണ്ടാകില്ലെന്ന് ഞാൻ പറയുന്നില്ല, വൈറ്റ് ഹൗസിൽ നടന്ന യോഗത്തിന് ശേഷം മക്കാർത്തി പറഞ്ഞു. ‘എന്നാൽ വിദേശ കാര്യങ്ങളിൽ ഇരിക്കാൻ, ഞാൻ വിഷമിക്കുന്നു .ലോകം മുഴുവൻ എന്താണ് നോക്കുന്നത്, അവിടെ പറയുന്ന ഓരോ വാക്കും. ആ സാഹചര്യത്തിൽ ഒമർ എന്താണ് വിശ്വസിക്കുന്നതെന്ന് മുൻകൂട്ടി നിശ്ചയിക്കുന്നതിൽ ഞാൻ ആശങ്കാകുലനാണ് മക്കാർത്തി പറഞ്ഞു കമ്മിറ്റിയിൽ നിന്ന് തന്നെ നീക്കം ചെയ്യാനുള്ള മക്കാർത്തിയുടെ ശ്രമത്തെ ‘രാഷ്ട്രീയ പ്രേരിതമാണ്‘ എന്ന് ഒമർ വിശേഷിപ്പിച്ചു.“അതെ, യഹൂദവിരുദ്ധതയുടെ കടത്ത് എന്ന് എനിക്ക് മനസ്സിലാകാത്ത വാക്കുകൾ ഞാൻ ആ സമയത്ത് ഉപയോഗിച്ചിരിക്കാം,” ഒമർ ഞായറാഴ്ച പറഞ്ഞു. ‘അത് എന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, ഞാൻ ക്ഷമാപണം നടത്തി. ഞാൻ അത് സ്വന്തമാക്കി. അത്തരത്തിലുള്ള ആളാണ് ഞാൻ. യഹൂദവിരുദ്ധതയ്ക്കെതിരെ പോരാടുന്നതിന് ഞാൻ എന്റെ സഹപ്രവർത്തകരോടും സമൂഹത്തോടും ഒപ്പം പ്രവർത്തിക്കുന്നത് തുടരുന്നു.‘വ്യാഴാഴ്ച നടന്ന വോട്ടെടുപ്പിനിടെ, ‘എന്നെ വെറുക്കുന്നവരെ ദൈവം അനുഗ്രഹിക്കട്ടെ‘ എന്നെഴുതിയ ബ്രേസ്ലെറ്റ് ധരിച്ച ഒമർ ഒരു ഫോട്ടോ ട്വീറ്റ് ചെയ്തു.ഹൗസ് ബജറ്റ് കമ്മിറ്റിയിലേക്ക് ഒമറിനെ വ്യാഴാഴ്ച നിയമിക്കുമെന്ന് ഹൗസ് ഡെമോക്രാറ്റിക് നേതാവ് ഹക്കീം ജെഫ്രീസ് പറഞ്ഞു.കഴിഞ്ഞ മാസം, മക്കാർത്തി ഡെമോക്രാറ്റിക് പ്രതിനിധികളായ ആദം ഷിഫ്, എറിക് സ്വൽവെൽ എന്നിവരെ ഹൗസ് ഇന്റലിജൻസ് കമ്മിറ്റിയിൽ നിന്ന് തടഞ്ഞു, ഇന്റലിജൻസ് പാനൽ ഒരു സെലക്ട് കമ്മിറ്റി ആയതിനാൽ അദ്ദേഹത്തിന് ഏകപക്ഷീയമായി ചെയ്യാൻ കഴിയും. ഒമറിനെ നീക്കം ചെയ്യുന്നതിന് ഫുൾ ഹൗസിന്റെ വോട്ട് ആവശ്യമാണ്.



## നാലായിരത്തിലധികം വിദ്യാർത്ഥികൾക്ക് അപ്രന്റിസ്ഷിപ്പ് : മന്ത്രി ഡോ. ആർ ബിന്ദു

സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് നാലായിരത്തിലധികം പോളിടെക്നിക്, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് അപ്രന്റിസ്ഷിപ്പ് നൽകിയതായി ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി മന്ത്രി ഡോ.ആർ ബിന്ദു പറഞ്ഞു. സംസ്ഥാനത്തെ അൻപതോളം വ്യത്യസ്ത വ്യവസായ മേഖലകളിലാണ് അപ്രന്റിസ് ട്രെയിനികളെ തിരഞ്ഞെടുത്തത്. തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്കിൽ നടന്ന കേന്ദ്രീകൃത അഭിമുഖത്തിൽ മാത്രം 704 പേർക്കാണ് അപ്രന്റിസ്ഷിപ്പ് നൽകിയത്. ഒരു വർഷത്തേക്കാണ് അപ്രന്റിസുകൾക്ക് ട്രെയിനിങ് നൽകുന്നത്.ബോർഡ് ഓഫ് അപ്രന്റിസ്ഷിപ്പ ട്രെയിനി നിരക്കിലുള്ള സ്റ്റൈപ്പന്റ് ഇവർക്ക് ലഭിക്കുമെന്ന് മന്ത്രി അറിയിച്ചു. കളമശ്ശേരിയിലെ സൂപ്പർവൈസറി സെന്റർ മുഖേനയാണ് തിരഞ്ഞെടുപ്പ് നടന്നത്. സംസ്ഥാനത്തെ വിവിധ മേഖലകളിൽ നിന്നായി അൻപതോളം കമ്പനികളുടെ പ്രതിനിധികളാണ് ട്രെയിനികളെ തിരഞ്ഞെടുത്തത്.പുതിയ ബി ടെക്, ഡിപ്ലോമ ബിരുദധാരികൾക്ക് പ്രായോഗിക പരിശീലനം നൽകി അവരെ വ്യവസായങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും തൊഴിൽയോഗ്യരാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സാങ്കേതിക പരിജ്ഞാനവും തൊഴിൽ നൈപുണ്യവും സ്വായത്തമാക്കുകയും അതുവഴി മികച്ച സംരംഭകരാകാൻ അവസരമൊരുക്കുകയുമാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന അപ്രന്റിസുകൾക്ക് കേന്ദ്ര സർക്കാർ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങളിൽ തൊഴിൽ നേടാൻ ഈ സർട്ടിഫിക്കറ്റ് തൊഴിൽ പരിചയ സാക്ഷ്യപത്രമായി ഉപയോഗിക്കാമെന്നും മന്ത്രി ഡോ. ആർ ബിന്ദു വ്യക്തമാക്കി.



## വെറ്ററിനറി ആംബുലൻസ് സേവനം ലഭിക്കും

തിരുവനന്തപുരം കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയിൽനിന്നും രാവിലെ പത്ത് മണി മുതൽ അഞ്ച് മണി വരെ വെറ്ററിനറി ആംബുലൻസ് സേവനം ലഭ്യമാണ്. 5 കിലോ മീറ്റർ വരെ മിനിമം 100 രൂപ നിരക്കിലും തുടർന്നുള്ള ഒരു കിലോ മീറ്ററിന് 15 രൂപ നിരക്കിലുമാണ് പ്രസ്തുത സേവനം ലഭിക്കുക. ആവശ്യമുള്ളവർ 0471 2733344 എന്നീ ലാൻഡ് ഫോൺ നമ്പറിലോ 9400202792 എന്ന മൊബൈൽ നമ്പറിലോ വിളിക്കേണ്ടതാണ്.

## ഇറച്ചിക്കോഴി വളർത്തൽ സൗജന്യ പരിശീലനം

**തിരുവനന്തപുരം :**കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് സെന്ററിൽ വെച്ച് ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ സൗജന്യ പരിശീലനം നൽകുന്നു. ഫെബ്രുവരി 14, 15 ( ചൊവ്വ, ബുധൻ ) എന്നീ തിയതികളിലായാണ് പരിശീലനം. രാവിലെ 10 മണി മുതൽ വൈകീട്ട് അഞ്ച് മണി വരെ നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

# ജൂഡോകോ സെലക്ഷൻ ട്രയൽസ്

**കണ്ണൂർ** :സംസ്ഥാന കായിക യുവജനകാര്യാലയവും സ്പോർട്സ് കേരള ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ജൂഡോ പരിശീലന പരിപാടി ജൂഡോകോയുടെ കണ്ണൂർ ജില്ലയിലെ സെലക്ഷൻ ട്രയൽസ് ഈ മാസം ഏഴിന്. തലശ്ശേരി വടക്കുമ്പാട് ഗവൺമെന്റ് ഹൈസ്കൂളിൽ രാവിലെ 8.30ന് സെലക്ഷൻ ട്രയൽസ് ആരംഭിക്കും. എട്ടു മുതൽ 11 വയസുവരെ പ്രായമുള്ള കുട്ടികളെയാണ് ജൂഡോകോ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുക്കുക. ട്രയൽസിൽ പങ്കെടുക്കാനെത്തുന്ന കുട്ടികൾ ആധാർ കാർഡിന്റെ കോപ്പി നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

# അദാനി എന്റർപ്രൈസസ് ഓഹരി വില മൂന്നക്കത്തിലേക്ക്





ഹിൻഡൻബർഗ് റിപ്പോർട്ടിനെ തുടർന്ന് അദാനി ഓഹരികൾക്കുണ്ടായ ഇടിവ് ഇന്നും തുടരുകയാണ്. അദാനി എന്റർപ്രൈസസ് ഇതുവരെ 35 ശതമാനത്തോളം ആണ് താഴ്ന്നത്. നിലവിൽ (11.30 അങ) അദാനി എന്റർപ്രൈസസ് ഓഹരികളുടെ വില 1238.55 രൂപയാണ്.എഫ്പിഒ വിലയിൽ നിന്ന് മൂന്നിലൊന്നായി ഓഹരി വില ഇടിഞ്ഞു. 3112-3276 രൂപയായിരുന്നു പിൻവലിക്കപ്പെട്ട എഫ്പിഒയുടെ പ്രൈസ് ബാൻഡ്. നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് കമ്പനിയെ അഡീഷണൽ സർവൈലൻസ് മെഷറിന് കീഴിലാക്കിയിരുന്നു. ഡൗ ജോൺസിന്റെ സുസ്ഥിര സൂചികയിൽ നിന്നും കമ്പനിയെ നീക്കി.അദാനി ഗ്രൂപ്പിന് കീഴിലുള്ള എല്ലാ കമ്പനികളും ഇന്ന് നഷ്ടത്തിലാണ് വ്യാപാരം. അദാനി ടോട്ടൽ ഗ്യാസ്, അദാനി വിൽമാർ, അദാനി ട്രാൻസ്മിഷൻ, അദാനി പവർ, അദാനി ഗ്രീൻ, എൻഡിടിവി തുടങ്ങിവയുടെ ഓഹരികൾ ലോവർ സർക്യൂട്ടിലാണ്. നിലവിൽ ഫോബ്സ് ശതകോടീശ്വര പട്ടികയിൽ ഗൗതം അദാനി 53.8 ബില്യൺ

# കേരള ബജറ്റ് 2023; സിനിമാ മേഖലയിൽ 17 കോടി; കലാകാരന്മാർക്ക് 13




**തിരുവനന്തപുരം;** സിനിമാ മേഖലയിലേക്കുള്ള വിഹിതം 17 കോടി വകയിരുത്തി ധനമന്ത്രി കെ എൻ ബാലഗോപാൽ. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷന് കീഴിലുള്ള തീയറ്ററുകളുടെ ആധുനികവത്ക്കരണത്തിനും ഒടിടി പ്ലാറ്റ്ഫോം നിർമാണം, സിനിമാ നിർമാണം എന്നിവയ്ക്കായും 17 കോടി രൂപയാണ് നീക്കിവയ്ക്കുന്നത്.കലാകാരന്മാരുടെ ഫെല്ലോഷിപ്പിനായി 13 കോടിയും വകയിരുത്തി.സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര നാടകോത്സവത്തിന് ധനസഹായമായി ഒരു കോടി രൂപ നൽകും. കേരള സാഹിത്യ അക്കാദമിക്ക് മലയാള സാഹിത്യ സമ്മേളനം സംഘടിപ്പിക്കുന്നതിന് 1 കോടി രൂപ നൽകും. മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് അധികമായി 15 ലക്ഷം അനുവദിച്ചു.ചെമ്പഴന്തിയിലെ ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രത്തിന് 35 ലക്ഷം രൂപയും ബജറ്റിൽ അനുവദിച്ചു.

# 2 വർഷത്തേക്ക് ബാങ്കിനേക്കാൾ പലിശ വേണോ?
## സർക്കാർ ഗ്യാരണ്ടിയിൽ നിക്ഷേപിക്കാൻ ഈ പദ്ധതി നോക്കാം

പോസ്റ്റ് ഓഫീസ് ലഘു സമ്പാദ്യ പദ്ധതികളുടെ പ്രധാന മേന്മയായി എടുത്തു കാണിക്കാവുന്നത് നിക്ഷേപങ്ങൾക്കുള്ള സർക്കാർ ഗ്യാരണ്ടിയാണ്.കേന്ദ്ര ധനമന്ത്രാലയം നടത്തുന്ന പദ്ധതികളാണ് ഇവ എന്നതിനാൽ നിക്ഷേപകർക്ക് സുരക്ഷിതത്വത്തോടെ നിക്ഷേപിക്കാൻ സാധിക്കും. ഇതോടൊപ്പം ബാങ്ക് നിരക്കിനേക്കാൾ പലിശ മിക്ക പോസ്റ്റ് ഓഫീസ് നിക്ഷേപങ്ങളും നൽകുന്നുണ്ട്.സീനിയർ സിറ്റിസൺ സേവിംഗ്സ് സ്കീം, കിസാൻ വികാസ് പത്ര, സുകന്യ സമൃദ്ധി യോജന, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് എന്നിവ. ഇക്കൂട്ടത്തിലേക്കുള്ള പുതിയ സാമ്പാദ്യ പദ്ധതിയാണ് ബജറ്റിൽ പ്രഖ്യാപിച്ച മഹിള സമ്മാൻ സേവിംഗ്സ് സർട്ടിഫിക്കറ്റ്. ഹ്രസ്വകാലത്തേക്ക് ബാങ്കിനേക്കാൾ പലിശ ഈ പദ്ധതിയിൽ നിന്ന് നേടാം. മഹിള സമ്മാൻ സേവിംഗ്സ് സർട്ടിഫിക്കറ്റ്. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് ധനമന്ത്രി നിർമലാ സീതാരമൻ ബജറ്റിൽ പ്രഖ്യാപിച്ച പുതിയ ലഘു സമ്പാദ്യ പദ്ധതിയാണ് മഹിള സമ്മാൻ സേവിംഗ്സ് സർട്ടിഫിക്കറ്റ്. പെൺകുട്ടികൾക്കും സ്ത്രീകൾക്കുമാണ് ഈ പദ്ധതിയിൽ ചേരാൻ സാധിക്കുക. 2 വർഷ കാലാവധിയുള്ള ഈ പദ്ധതിയിൽ പരമാവധി 2 ലക്ഷം രൂപയാണ് നിക്ഷേപിക്കാൻ സാധിക്കുക.ചുരുങ്ങിയ നിക്ഷേപത്തെ പറ്റി ബജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. കാലാവധിക്ക് മുൻപുള്ള പിൻവലിക്കൽ അനുവദിക്കുന്നു എന്നതാണ് പദ്ധതിയുടെ പ്രത്യേകത. 2025 മാർച്ച് വരെയാണ് പദ്ധതിയിൽ ചേരാൻ സാധിക്കുക. പലിശ നിരക്ക്. പദ്ധതിയെ ആകർഷകമാക്കാൻ ബാങ്ക് സ്ഥിര നിക്ഷേപങ്ങളേക്കാൾ പലിശ പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 2 വർഷത്തേക്കുള്ള നിക്ഷേപത്തിന് സാധാരണ നിക്ഷേപകർക്ക് 6.75 ശതമാനം പലിശയാണ് നൽകുന്നത്. മുതിർന്ന പൗരന്മാർക്ക് 7.25 ശതമാനം പലിശയും നൽകുന്നു.മഹിളാ സമ്മാൻ നിധിയിൽ 7.50 ശതമാനമാണ് വാർഷിക പലിശയായി നൽകുന്നത്. മുതിർന്ന പൗരന്മാർക്കും സാധാരണ നിക്ഷേപകർക്കും ഓരേ പലിശ നിരക്കാണ് ലഘു സമ്പാദ്യ പദ്ധതികൾക്ക് നൽകുന്നത്.മുതിർന്ന പൗരന്മാർക്ക് അധിക നേട്ടംസീനിയർ സിറ്റിസൺ സേവിംഗ്സ് സ്കീമിൽ നിക്ഷേപിക്കാനുള്ള 30 ലക്ഷം രൂപയാക്കി ഉയർത്തിയത് മുതിർന്ന പൗരന്മാരെ സംബന്ധിച്ച് നേട്ടമാണ്. നേരത്തെ 15 ലക്ഷം രൂപ വരെ മാത്രമെ പദ്ധതിയിൽ നിക്ഷേപിക്കാൻ സാധിച്ചിരുന്നുള്ളൂ. 8 ശതമാനം നിരക്കിൽ പലിശ ലഭിക്കുന്ന പദ്ധതിയിൽ 30 ലക്ഷം രൂപ നിക്ഷേപിക്കാൻ സാധിക്കുന്നത് വഴി നല്ലൊരു തുക പെൻഷൻ നേടാൻ മുതിർന്ന പൗരന്മാർക്ക് സാധിക്കും. 5 വർഷമാണ് പദ്ധതിയുടെ കാലാവധി.60 വയസ് കഴിഞ്ഞവർക്ക് നിക്ഷേപിക്കാം. ത്രൈമാസത്തിലാണ് സീനിയർ സിറ്റിസൺ സേവിംഗ്സ് സ്കീമിൽ നിന്ന് പലിശ ലഭിക്കുന്നത്. 30 ലക്ഷം നിക്ഷേപിച്ചാൽ 8 ശതമാനം പലിശ നിരക്കിൽ ത്രൈമാസത്തിൽ 60,000 രൂപ മാസ വരുമാനം നേടാം.ഇനി ഉയർന്ന മാസ വരുമാനം നേടാം ഇതോടൊപ്പം മറ്റൊരു ലഘു സമ്പാദ്യ പദ്ധതിയായ പോസ്റ്റ് ഓഫീസ് മാസ വരുമാന പദ്ധതിയിൽ നിക്ഷേപിക്കാവുന്ന തുകയും ഉയർത്തി. വ്യക്തിഗത അക്കൗണ്ടിൽ നിക്ഷേപിക്കാനുള്ള പരിധി 4.50 ലക്ഷത്തിൽ നിന്ന് 9 ലക്ഷമായി. സംയുക്ത അക്കൗണ്ടിൽ 9 ലക്ഷം രൂപയായിരുന്ന പരിധി 15 ലക്ഷമാക്കുകയും ചെയ്തു. 7.1 ശതമാനമാണ് പോസ്റ്റ് ഓഫീസ് മാസ വരുമാന പദ്ധതിയുടെ പലിശ.5 വർഷമാണ് പദ്ധതിയുടെ കാലാവധി. മാസത്തിൽ പലിശ വരുമാനം സേവിംഗ്സ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും. 15 ലക്ഷം രൂപ നിക്ഷേപിക്കുന്ന വ്യക്തിക്ക് 8,800 രൂപയോളം മാസത്തിൽ പലിശയായി ലഭിക്കും.

# പെട്രോൾ-ഡീസൽ വില ലിറ്ററിന് രണ്ട് രൂപ കൂടും; ജനത്തെ പിഴിഞ്ഞ് സർക്കാർ




**തിരുവനന്തപുരം:** സംസ്ഥാന ബജറ്റ് പ്രഖ്യാപനത്തോടെ കേരളത്തിൽ പെട്രോൾ-ഡീസൽ വില രണ്ട് രൂപ കൂടും. സെസ് രണ്ട് രൂപ വർധിപ്പിച്ചതോടെയാണ് സംസ്ഥാനത്ത് ഇന്ധനവില വർധനക്ക് കളമൊരുങ്ങിയത്. മാസങ്ങളായി രാജ്യത്ത് എണ്ണവിലയിൽ കമ്പനികൾ മാറ്റം വരുത്തിയിരുന്നില്ല. ഇതിനിടെയാണ് സംസ്ഥാന സർക്കാർ സെസ് ഉയർത്തി വില വർധനവിന് കളമൊരുക്കിയിരിക്കുന്നത്.നേരത്തെ കേന്ദ്രസർക്കാർ നികുതി കുറച്ച് ഇന്ധനവില കുറച്ചിരുന്നു. കേന്ദ്രസർക്കാർ നികുതി കുറക്കുന്നതിന് ആനുപാതികമായി സംസ്ഥാനവും നികുതി കുറക്കണമെന്ന് ആവശ്യമുയർത്തിയിരുന്നു. എന്നാൽ, കേരളം അന്നും കാര്യമായി നികുതി കുറച്ചിരുന്നില്ല. നിരന്തരമായി നികുതി ഉയർത്തിയതിന് ശേഷമാണ് കേന്ദ്രസർക്കാർ ഇന്ധനനികുതിയിൽ നേരിയ കുറവ് വരുത്തിയത്.പെട്രോൾ-ഡീസൽ സെസ് വർധിപ്പിച്ചതിലൂടെ 780 കോടി രൂപയുടെ അധിക വരുമാനമാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. വാഹനങ്ങൾക്കുള്ള ഒറ്റത്തവണ നികുതിയും വർധിപ്പിച്ചിട്ടുണ്ട്.



# ഐഫോൺ 14 പ്രോയിൽ ചിത്രീകരിച്ച സിനിമയുമായി വിശാൽ ഭരദ്വാജ്




**ന്യൂഡൽഹി:** പ്രശസ്ത സംവിധായകൻ വിശാൽ ഭരദ്വാജിൻറെ ഏറ്റവും പുതിയ ചിത്രം ഫുർസാത്ത് റിലീസ് ചെയ്തു.30 മിനിറ്റ് ദൈർഘ്യമുള്ള ഹ്രസ്വചിത്രം ആപ്പിൾ ഡോട്ട് കോമിലും ആപ്പിളിൻറെ യൂട്യൂബ് പേജിലുമാണ് റിലീസ് ചെയ്തത്. ആപ്പിളിൻറെ ഏറ്റവും പുതിയ ഫോണായ ഐഫോൺ 14 പ്രോയിലാണ് ചിത്രം ചിത്രീകരിച്ചിരിക്കുന്നത്. ഇഷാൻ ഖട്ടർ, വാമിഖ ഗബ്ബി എന്നിവരാണ് ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. പൂർണ്ണമായും ഐഫോൺ 14 പ്രോയിൽ ചിത്രീകരിച്ച ഫുർസാത് ഫാൻറസിയും സയൻസ് ഫിക്ഷനും സംയോജിപ്പിക്കുന്ന ബോളിവുഡ് ശൈലിയിലുള്ള പ്രണയകഥയാണ്. ദേശീയ ചലച്ചിത്ര അവാർഡ് ജേതാവായ വിശാൽ ഭരദ്വാജിന്റെ ചിത്രത്തിൽ ബോളിവുഡിലെ പ്രശസ്ത സാങ്കേതിക വിദഗ്ധരും ഭാഗമായിരുന്നു.വാണിജ്യേതര സിനിമയാണെങ്കിലും അതിമനോഹരമായ വിഷ്വലുകളാണ് ചിത്രത്തിലുള്ളത്. മരുഭൂമിയിലും വെള്ളത്തിലുമുള്ള മനോഹരമായ ഗാനരംഗങ്ങളും ചിത്രത്തിലുണ്ട്.

# സിനിമ കാണുന്നവർ എല്ലാം സിനിമയുടെ ഫാൻസ്; മമ്മൂട്ടി പറയുന്നു



മമ്മൂട്ടിയെ നായകനാക്കി ബി ഉണ്ണികൃഷ്ണൻ ഒരുക്കുന്ന ചിത്രമാണ് ക്രിസ്റ്റഫർ. ചിത്രം ഫെബ്രുവരി ഒൻപതിന് തീയറ്ററുകളിൽ എത്തും. ഇപ്പോഴിതാ ചിത്രത്തിന്റെ പ്രമോഷന്റെ ഭാഗമായി ദുബൈയിൽ നടന്ന പ്രസ്മീറ്റിൽ മമ്മൂട്ടി പറഞ്ഞ ചില കാര്യങ്ങളാണ് സോഷ്യൽ മീഡിയകളിൽ വൈറലാവുന്നത്. മമ്മൂക്ക ഫാൻസ് എന്ന പ്രയോഗം തന്നെ വിഷമിപ്പിക്കുന്നതാണെന്നും ഫാൻസ് മാത്രമല്ല സിനിമ കാണുന്നതെന്നുമാണ് മമ്മൂട്ടി പറഞ്ഞത്.'സിനിമ കാണുന്നവർ എല്ലാവരും സിനിമയുടെ ഫാൻസാണ്. ചിലർക്ക് പ്രത്യേക ഇഷ്ടമുണ്ടാകും. എല്ലാ സിനിമകളും കാണുന്നവരുമുണ്ട്. എല്ലാ സിനിമകളും കാണാത്തവരുമുണ്ട്. ക്രിസ്റ്റഫർ എല്ലാവർക്കും വേണ്ടിയുള്ള സിനിമയാണ്. ആരാധകർക്കും അല്ലാത്തവർക്കുമൊക്കെയുള്ളതാണ് ക്രിസ്റ്റഫർ. അല്ലാതെ സിനിമ നിലനിൽക്കില്ല' എന്നും മമ്മൂട്ടി പറഞ്ഞു.നീണ്ട ഇടവേളയ്ക്ക് ശേഷം മമ്മൂട്ടിയും ബി ഉണ്ണികൃഷ്ണനും ഒന്നിക്കുന്ന ചിത്രമാണ് ക്രിസ്റ്റഫർ. ഉദയ കൃഷ്ണയാണ് തിരക്കഥ. കോളിളക്കം സൃഷ്ടിച്ച ഒരു കേസ് അന്വേഷിക്കാൻ എത്തുന്ന ഇൻവെസ്റ്റിഗേഷൻ ഓഫീസറായാണ് സിനിമയിൽ മമ്മൂട്ടി എത്തുന്നത്. പ്രഖ്യാപന സമയം മുതൽ ഏറെ ശ്രദ്ധനേടിയ ചിത്രം ആണിത്. ആർ ഡി ഇല്യൂമിനേഷൻസ് ആണ് ചിത്രത്തിന്റെ നിർമ്മാണം. ഷൈൻ ടോം ചാക്കോ, അമല പോൾ, ഐശ്വര്യ ലക്ഷ്മി, സ്നേഹ, ദിലീഷ് പോത്തൻ, സിദ്ദിഖ്, ജിനു എബ്രഹാം, വിനീത കോശി, വാസന്തി തുടങ്ങിയവരോടൊപ്പം നിരവധി പുതുമുഖങ്ങളും ചിത്രത്തിൽ അണിനിരക്കുന്നുണ്ട്. തെന്നിന്ത്യൻ താരം വിനയ് റായിയും ചിത്രത്തിൽ പ്രധാന വേഷത്തിൽ എത്തുന്നുണ്ട്.

# 'രോമാഞ്ചം' ഫൺ എൻറർടെയ്നർ








ജിത്തു മാധവൻ രചനയും സംവിധാനവും നിർവഹിച്ച് സൌബിൻ ഷാഹിർ മുഖ്യ വേഷത്തിലെത്തുന്ന 'രോമാഞ്ചം' തിയറ്ററുകളിൽ എത്തിയിരിക്കുകയാണ്.ഒരു ഹൊറർ കോമഡിയായ ചിത്രം മികച്ച അഭിപ്രായമാണ് ആദ്യ പ്രദർശനങ്ങൾക്കു ശേഷം നേടിയിരിക്കുന്നത്. നല്ലൊരു ഫൺ എൻറർടെയ്നറായാണ് ചിത്രം വിലയിരുത്തപ്പെടുന്നത്.ജോൺപോൾ ജോർജ്ജ്, സൌബിൻ ഷാഹിർ ഗിരീഷ് എന്നിവർ ചേർന്ന് നിർമിക്കുന്ന ചിത്രത്തിന് സനു താഹിർ ഛായാഗ്രഹണവും സുഷിൻ ഷ്യാം സംഗീതവും കിരൺ ദാസ് എഡിറ്റിംഗും നിർവഹിച്ചു.അർജുൻ അശോകൻ,ചെമ്പൻ വിനോദ് ജോസ്, അസിം ജമാൽ, സജിൻ ഗോപു, ശ്രീജിത്ത് നായർ എന്നിവരാണ് ചിത്രത്തിലെ മറ്റ് പ്രധാന വേഷങ്ങളിൽ എത്തുന്നത്.





# 'ഹരിമുരളീരവത്തിൽ മിന്നിമറയുന്ന ആ നർത്തകി ഉർവശിയോ?

മലയാളത്തിലെ എക്കാലത്തേയും ഹിറ്റ് ചിത്രങ്ങളിൽ ഒന്നാണ് മോഹൻലാൽ നായകനായി എത്തിയ ആറാംതമ്പുരാൻ. ഷാജി കൈലാസ് സംവിധാനം ചെയ്ത ചിത്രം മോഹൻലാലിന്റെ കരിയറിലെ മികച്ച ചിത്രങ്ങളിലൊന്നാണ്. മോഹൻലാൽ ജഗന്നാഥനായി എത്തിയപ്പോൾ മഞ്ജു വാര്യർ ഉണ്ണിമായയായി എത്തി ഒപ്പത്തിനൊപ്പം നിന്നു.ഇപ്പോഴിതാ സിനിമയിലെ ഹിറ്റ് ഗാനങ്ങളിൽ ഒന്നായ 'ഹരിമുരളീരവ'വുമായി ബന്ധപ്പെട്ട് ഒരു ചർച്ചയാണ് സോഷ്യൽ മീഡിയയിൽ കൊഴുത്തിരിക്കുന്നത്. ആ ഗാനരംഗത്ത് മിന്നിമായുന്ന നടിയെക്കുറിച്ചാണ് ചർച്ച. മുഖം മറച്ചെത്തിയ ആ നടി ഉർവശിയാണെന്നാണ് പലരും അഭിപ്രായപ്പെടുന്നത്. പാട്ടിൽ നടിയുടെ മുഖത്തിന്റെ ചില ഭാഗങ്ങൾ മാത്രമേ കാണുന്നുള്ളൂ. ഇതുവച്ചാണ് ആ നടി ഉർവശിയാണെന്ന് പലരും അഭിപ്രായപ്പെട്ടത്. സിനിമയിലെ അണിയറപ്രവർത്തകരോ താരങ്ങളോ ഇതേപ്പറ്റി പ്രതികരിച്ചിട്ടില്ല.1997ൽ റിലീസ് ചെയ്ത ചിത്രമാണ് ആറാംതമ്പുരാൻ. അക്കാലത്തെ വമ്പൻ ഹിറ്റായിരുന്നു ചിത്രം. മോഹൻലാലിനും മഞ്ജു വാര്യർക്കും പുറമേ നരേന്ദ്ര പ്രസാദ്, സായികുമാർ, പ്രിയാരാമൻ, ശ്രീവിദ്യ, ഗണേഷ് കുമാർ, ഒടുവിൽ ഉണ്ണികൃഷ്ണൻ തുടങ്ങി വൻതാരനിരയാണ് ചിത്രത്തിൽ അണിനിരന്നത്.

# ഫ്രഞ്ച് താരം റാഫേൽ വരാൻ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിച്ചു






2018 ഫിഫ ലോകകപ്പിൽ ഫ്രാൻസിന്റെ വിജയത്തിന് ചുക്കാൻ പിടിച്ച പ്രതിരോധ താരം റാഫേൽ വരാൻ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിച്ചു. 2022 ഫിഫ ലോകകപ്പിലും ഫ്രാൻസിന്റെ ഫൈനപ്രവേശനത്തിന് ടീമിന്റെ പ്രതിരോധ നിരയുടെ നേതൃത്വം ഏറ്റെടുത്തതും വരാൻ ആയിരുന്നു. നിലവിൽ ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബായ മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ താരമാണ്. ഒരു ദശാബ്ദക്കാലം രാജ്യത്തെ പ്രതിനിധീകരിക്കാൻ സാധിച്ചത് ജീവിതത്തിലെ ഏറ്റവും വലിയ ബഹുമതികളിലൊന്നാണ് എന്നാണ് വിരമിക്കൽ പ്രഖ്യാപിച്ചുകൊണ്ട് താരം സാമൂഹിക മാധ്യങ്ങളിലൂടെ അറിയിച്ചത്. ഫ്രാൻസിന്റെ നീല ജേഴ്സി ധരിക്കുമ്പോഴെല്ലാം അഭിമാനം തോന്നുന്നവെന്നും വിരമിക്കാനുള്ള ശരിയായ സമയം ഇതാണെന്നും താരം വ്യക്തമാക്കി. കുറിപ്പിൽ ഫ്രാൻസിന്റെ പരിശീലകൻ ദിദിയർ ദെഷാംസിനോടും സഹതാരങ്ങളോടും ആരധകരോടും താരം നന്ദി പ്രകടിപ്പിച്ചു. കഴിഞ്ഞ വർഷം ഫൈനലിൽ അർജന്റീനയോട് പരാജയപ്പെട്ടെങ്കിലും ടീമിനെ പിന്തുണച്ച എല്ലാവരോടും താരം സ്നേഹം പ്രകടിപ്പിച്ചു. 2013 ലാണ് റാഫേൽ വരാൻ ഫ്രാൻസിന് വേണ്ടി ആദ്യമായി ബൂട്ടണിഞ്ഞത്. ഫ്രാൻസിലെ ഹെല്ലമസ് ക്ലബിലൂടെ ഫുട്ബോൾ ജീവിതം തുടങ്ങിയ താരം പിന്നീട് ലെൻസ് ക്ലബ്ബിലേക്ക് ചേക്കേറി. അവിടെ നിന്നാണ് 2011ൽ സ്പാനിഷ് ഭീമന്മാരായ റിയൽ മാഡ്രിഡിലേക്ക് വരാൻ എത്തുന്നത്. പത്തു വർഷം ക്ലബിനൊപ്പം തുടർന്ന നാല് ചാമ്പ്യൻസ് ലീഗ് കിരീടവും മൂന്ന് ലാ ലിഗ കിരീടവും നേടി. 2021ൽ താരം മാഞ്ചസ്റ്റർ യുണൈറ്റഡിലേക്ക് ചേക്കേറി. ഫ്രാൻസിനൊപ്പം 2018ൽ ഫിഫ ലോകകപ്പും 2021ൽ യുവേഫ നേഷൻസ് ലീഗും നേടിയിട്ടുണ്ട്.

## കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് കൊൽക്കത്തയിൽ, വിജയം




ഇന്ത്യൻ സൂപ്പർ ലീഗിൽ ഇന്ന് കേരള ബാാസ്റ്റേഴ്സ് വീണ്ടും ഇറങ്ങുന്നു. കൊൽക്കത്തയിൽ നടക്കുന്ന മത്സരത്തിൽ ഈസ്റ്റ് ബംഗാൾ ആണ് കേരള ബ്ലാസ്റ്റേഴ്സിന്റെ എതിരാളികൾ. കേരള ബ്ലാസ്റ്റേഴ്സ് ഇതുവരെ ഈസ്റ്റ് ബംഗാളിനോട് പരാജയപ്പെട്ടിട്ടില്ല. മൂന്നാം സ്ഥാനത്തുള്ള കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് വിജയം തന്നെയാകും ലക്ഷ്യമിടുന്നത്. ഈസ്റ്റ് ബംഗാൾ ഇപ്പോൾ 12 പോയിന്റുമായി ലീഗിൽ ഒമ്പതാം സ്ഥാനത്താണ്. നോർത്ത് ഈസ്റ്റിനെതിരായ മത്സരത്തിലൂടെ കേരള ബ്ലാസ്റ്റേഴ്സ് വിജയവഴിയിൽ തിരികെയെത്തിയിരുന്നു. അതിനു മുമ്ബ് ബ്ലാസ്റ്റേഴ്സ് തുടർച്ചയായ രണ്ട് പരാജയങ്ങൾ നേരിടേണ്ടി വന്നിരുന്നു. ഇന്നും കേരള ബ്ലാസ്റ്റേഴ്സ് സ്ക്വാഡിൽ ലെസ്കോവിച് ഉണ്ടാകില്ല. പരിക്കിൽ നിന്ന് തിരികെ വരാൻ ശ്രമിക്കുന്ന ലെസ്കോവിച് കൊൽക്കത്തയിലേക്ക് കേരള ബ്ലാസ്റ്റേഴ്സ് ടീമിനൊപ്പം യാത്ര ചെയ്തിട്ടില്ല. ഇന്നും വിക്ടർ മോംഗിലും ഹോർമിപാമും ആകും ബ്ലാസ്റ്റേഴ്സിന്റെ സെന്റർ ബാക്കുകൾ. കഴിഞ്ഞ മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച ബ്രൈസ് മിറാണ്ട ആദ്യ ഇലവനിൽ തുടരും എന്ന് പ്രതീക്ഷിക്കുന്നു. പുതിയ സൈനിംഗ് ഡാനിഷ് ഫാറൂഖിന്റെ അരങ്ങേറ്റവും ഇന്ന് ഉണ്ടാകും. രാത്രി 7.30ന് നടക്കുന്ന മത്സരം തത്സമയൻ സ്റ്റാർ സ്പോർട്സ് വഴിയും സ്റ്റാർ നെ

## ബയേണിനെതിരെ എംബാപെ കളിക്കില്ല; പിഎസ്ജിക്ക് കനത്ത തിരിച്ചടി




യുവേഫ ചാമ്ബ്യൻസ് ലീഗ് പ്രീക്വാർട്ടറിൽ ബയേൺ മ്യൂണിച്ചിനെ നേരിടാനൊരുങ്ങുന്ന പിഎസ്ജിക്ക് കനത്ത തിരിച്ചടിയായി കെയ്ലിൻ എംബാപെയുടെ പരുക്ക്. കാലിന്റെ തുടയിലെ പേശിക്കേറ്റ പരുക്കിനെത്തുടർന്ന് എംബാപെയ്ക്കെ ബയേണിനെതിരായ ആദ്യ പാദപോരാട്ടം നഷ്ടമാകും. ക്ലബ് ഇക്കാര്യം അറിയിച്ചു. കഴിഞ്ഞ ദിവസം മോൺപില്ലെയ്ക്കെതിരെ നടന്ന ഫ്രഞ്ച് ലീഗ് മത്സരത്തിനിടെയാണ് ഫ്രഞ്ച് ഫോർവേഡായ എംബാപെയ്ക്ക് പരുക്കേറ്റത്. ആദ്യം താരത്തിന്റെ പരുക്ക് നിസാരമാണെന്നാണ് കരുതപ്പെട്ടത്. പിന്നീട് വിദഗ്ധ പരിശോധകൾക്ക് ശേഷമാണ് എംബാപെയ്ക്ക് മൂന്ന് ആഴ്ചയെങ്കിലും പുറത്തിരിക്കേണ്ടിവരുമെന്ന് വ്യക്തമായത്. ഫെബ്രുവരി 15-നാണ് പിഎസ്ജി ബയേൺ ആദ്യ പാദ പോരാട്ടം. നിലവിലെ സാഹചര്യത്തിൽ മൂന്ന് ഫ്രഞ്ച് ലീഗ് മത്സരങ്ങളും മാഴ്സെയ്ക്കിരായ ഫ്രഞ്ച് കപ്പ് പോരാട്ടവും എംബാപെയ്ക്ക് നഷ്ടമാകും. ഈ മാസം അവസാനത്തോടെ താരം കളിക്കളത്തിൽ തിരിച്ചെത്തിയേക്കും. ഈ സാഹചര്യത്തിൽ ബയേണിനെതിരായ രണ്ടാം പാദ പ്രീക്വാർട്ടർ എംബാപെ

## വാങ്ങിയത് എട്ട് താരങ്ങളെ; മുടക്കിയത് 327 മില്യൺ യൂറോ; ശൈത്യകാല ഫുട്ബോൾ ട്രാൻസ്ഫർ വിൻഡോയിൽ ചെൽസിയുടെ ആധിപത്യം









ലോകഫുട്ബോളിനെ ഞെട്ടിച്ച് ജനുവരി ഫുട്ബോൾ ട്രാൻസ്ഫർ ജാലകത്തിൽ ചെൽസി ആധിപത്യം. 327 മില്യൺ യൂറോ അഥവാ 3000 കോടി ഇന്ത്യൻ രൂപയുടെ കൈമാറ്റമാണ് ക്ലബ് നടത്തിയത്. അമേരിക്കൻ ബിസിനസുകാരനായ ടോഡ് ബോഹ്ലിയും ക്ലിയർ ലേക്ക് ക്യാപിറ്റലിന്റെ സഹ സ്ഥാപകൻ ബെഹദാദ് എഗ്ബലിയും ക്ലബ്ബിന്റെ ഉടമസ്ഥാവകാശം ഏറ്റെടുത്തതിന് ശേഷം ക്ലബ്ബിന്റെ രണ്ടാം ട്രാൻസ്ഫർ ജാലകമാണിത്. പത്തൊൻപത് വർഷം ചെൽസിയുടെ അമരക്കാരനായിരുന്ന റഷ്യൻ ശത കോടീശ്വരൻ റോമൻ അബ്രമോവിച്ചിന് ഉക്രൈൻ-റഷ്യ യുദ്ധ ഫലമായി വന്ന നിയന്ത്രങ്ങളുടെ ഫലമായി ക്ലബ് വിൽക്കേണ്ടി വന്നിരുന്നു. തുടർന്നാണ് പുതിയ ഉടമകൾ സ്ഥാനമേറ്റത്.വായ്പാടിസ്ഥാനത്തിൽ ക്ലബ്ബിലെത്തിയ പോർച്ചുഗൽ താരം ജാവോ ഫെലിക്സ്, ഡെന്നിസ് സക്കറിയ ഉൾപ്പെടെ എട്ട് താരങ്ങളിലാണ് ഈ സീസണിൽ ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബായ ചെൽസിയുടെ തട്ടകത്തിലെത്തിയത്. അതിൽ തന്നെ ട്രാൻസ്ഫർ വിന്ഡോ അവസാനിക്കാൻ മിനുട്ടുകൾ മാത്രം ബാക്കി നിൽക്കെയാണ് അർജന്റീനയുടെ ലോകകപ്പ് ജേതാവും യുവതാരവുമായ എൻസോ ഫെർണാണ്ടസിനെ ബ്രിട്ടീഷ് ഫുട്ബോൾ ചരിത്രത്തിൽ ഏറ്റവും ഉയർന്ന തുകക്ക് സൈൻ ചെയ്യുന്നത്. 120 മില്യൺ യൂറോയാണ് താരത്തിന് വേണ്ടി മുൻ ക്ലബായ ബെൻഫിക്കക്ക് ട്രാൻസ്ഫർ ഫീസ് ആയി നൽകിയത്. ഇത് ഏകദേശം 1066 കോടി ഇന്ത്യൻ രൂപക്ക് തുല്യമാണ്. എൻസോയെ കൂടാതെ, 100 മില്യണോട് അടുത്ത തുകയ്ക്കാണ് ഉക്രൈൻ താരമായ മിഖാലിയോ മുദ്രിക്ക് ശാക്തർ ഡോണെറ്സ്കിൽ നിന്ന് ചെൽസിയിൽ ചേർന്നത്. നോർവെ ക്ലബ് മോൾഡിൽ നിന്ന് ഐവറി കോസ്റ്റ് മുന്നേറ്റ താരം ഡേവിഡ് ഫൊഫാന, മൊണാകോയുടെ ഫ്രഞ്ച് പ്രതിരോധ തരാം ബെനോയ്ട് ബാത്യശിലെ, ബ്രസീലിന്റെ കൗമാര താരം ആൻഡ്രി സാന്റോസ്, ഹോളണ്ട് ക്ലബ് പിഎസ്‌വിയിൽ നിന്ന് ഇംഗ്ലീഷ് വിങ്ങർ നോനി മടുഎകെ, ഫ്രഞ്ച് ക്ലബ് ലിയോണിൽ നിന്ന് പ്രതിരോധ താരം മാലോ ഗുസ്ടോ എന്നിവരാണ് ഈ വിൻഡോയിൽ ചെല്സിയുമായി സ്ഥിര കരാർ ഒപ്പിട്ടത്. കൂടാതെ, യുവന്റസിൽ നിന്ന് ഡെന്നിസ് സക്കറിയ, അത്ലറ്റികോ മാഡ്രിഡിൽ നിന്ന് ജാവോ ഫെലിക്സ് എന്നിവർ ലോൺ കരാറില് ഒപ്പുവെച്ചിട്ടുണ്ട്. സൈൻ ചെയ്ത താരങ്ങളെല്ലാം 23 വയസ്സിന് താഴെയുള്ളവരാണ് എന്നതിനാൽ തന്നെ ഭാവി ലക്ഷ്യം വെച്ചാണ് ഈ നീക്കമെന്നാണ് ഫുട്ബോൾ പണ്ഡി

## ഈസ്റ്റ് ബംഗാളിനെ നിസാരമായി കാണില്ല; മുന്നറിയിപ്പുമായി ഇവാൻ



ഇന്ത്യൻ സൂപ്പർ ലീഗിൽ പ്ലേ ഓഫ് ലക്ഷ്യമിട്ട് കുതിക്കുകയാണ് കേരളാ ബ്ലാസ്റ്റേഴ്സ്. ഇന്ന് നടക്കുന്ന മത്സരത്തിൽ ഈസ്റ്റ് ബംഗാളാണ് ബ്ലാസ്റ്റേഴ്സിന്റെ എതിരാളി. സീസണിൽ മുമ്ബ് പരസ്പരം കൊമ്ബുകോർത്തപ്പോൾ മിന്നുന്ന ജയം ബ്ലാസ്റ്റേഴ്സ് നേടിയിരുന്നു. എന്നാൽ അതുകൊണ്ടൊന്നും ഈസ്റ്റ് ബംഗാളിനെ നിസാരമായി കാണുന്നില്ല എന്നാണ് ബ്ലാസ്റ്റേഴ്സ് പരിശീലകൻ ഇവാൻ വുകോമനോവിച്ച് പറയുന്നത്.പോയിന്റ് പട്ടികയിൽ അത്രയും പിന്നിലേക്ക് പോകേണ്ട ടീമല്ല ഈസ്റ്റ് ബംഗാൾ, പല കാരണങ്ങൾ കൊണ്ടും അവർക്ക് ഒരുപാട് പോയിന്റുകൾ നഷ്ടമായിട്ടുണ്ട്, നല്ല ടീമാണവരുടേത്, നിലവാരമുള്ള സ്ക്വാഡ് അവർക്കുണ്ട്, അതിനാൽ തന്നെ അവരെ നേരിടുന്നത് എളുപ്പമാകില്ല, അവരുടെ മികവ് തെളിയിക്കാൻ അനുവദിച്ചാൽ ഞങ്ങൾ അതിന് വിലകൊടുക്കേണ്ടിവരും, അതൊരു യാഥാർഥ്യമാണ്, മികച്ച പ്രകടനം കാഴ്ചവയ്ക്കാനാകുമെന്ന് പലവട്ടം തെളിയിച്ച ടീമാണ് ഈസ്റ്റ് ബംഗാൾ, ഇവാൻ ഇന്നലെ പത്രസമ്മേളനത്തിൽ പറഞ്ഞു.ഐഎസ്എൽ പോയിന്റ് പട്ടികയിൽ ഒമ്ബതാം സ്ഥാനത്താണ് ഈസ്റ്റ് ബംഗാൾ. 15 മത്സരങ്ങൾ പൂർത്തിയായപ്പോൾ നാല് വിജയം മാത്രമുള്ള അവർക്ക് 12 പോയിന്റാണുള്ളത്. ഈ സാഹചര്യത്തിൽ കൊൽക്കത്ത ക്ലബിന്റെ പ്ലേ ഓഫ് സാധ്യതകൾ ഏതാണ്ട് പൂർണമായി തന്നെ

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com